بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 7

ലക്കം 31

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ആഗസ്റ്റ് 4/ഹി.ശം. 1401 ളുഹൂർ 4/ഹിജ്റ 1444 മുഹർറം 5

## അല്ലാഹുവിന്റെ വചനം

وَحَآجَّہٗ قَوۡمُہٗ ؕ قَالَ اَتُحَآجُّوۡٓنِّیۡ فِی اللّٰہِ وَقَدۡ ہَدٰىنِ ؕ وَلَاۤ اَخَافُ مَا تُشۡرِکُوۡنَ بِہٖۤ اِلَّاۤ اَنۡ یَّشَآءَ رَبِّیۡ شَیۡـًٔا ؕ

(سورۃ انعام:81)

'അദ്ദേഹത്തിന്റെ ജനം അദ്ദേഹത്തോടു തർക്കിച്ചു. അദ്ദേഹം പറഞ്ഞു: അല്ലാഹു എനിക്ക് നേർമാർഗം കാണിച്ചുതന്നിരിക്കെ അവന്റെ കാര്യത്തിൽ നിങ്ങളെന്നോടു തർക്കിക്കുകയാണോ? നിങ്ങൾ ഏതൊന്നിനെ അവനോടു പങ്കുചേർക്കുന്നുവോ അതിനെ ഞാൻ ഭയപ്പെടുന്നില്ല; എന്നാൽ, എന്റെ നാഥൻ എന്തെങ്കിലും ഇച്ഛിക്കുന്നതല്ലാതെ (എനിക്കൊന്നും സംഭവിക്കുന്നതല്ല)!' (6:81)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### ഭക്ഷണത്തിൽ സമൃദ്ധിയും ആയുസ്സിൽ അനുഗ്രഹവും

(2067) ഹദ്റത്ത് അനസ് ബിൻ മാലിക്[റ] നിവേദനം. നബി[സ]തിരുമേനി പറയുന്നത് ഞാൻ കേട്ടു. തന്റെ ജീവിതവിഭവങ്ങളിൽ സമൃദ്ധിയുണ്ടാകണമെന്നും സൽക്കീർത്തി പിന്തലമുറകളിൽ നിലനില്ക്കണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്റെ കുടുംബബന്ധം പുലർത്തട്ടെ.

### ജമാഅത്തിന്റെ ധനംകൊണ്ട് കച്ചവടം

(2070) ഹദ്റത്ത് ആഇശ[റ] നിവേദനം. ഹദ്റത്ത് അബൂബക്ർ സിദ്ദീഖിനെ ഖലീഫയാക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ അധ്വാനം എന്റെ കുടുംബത്തിന്റെ ചെലവിന് ഒരിക്കലും മതിയാവാതെ വരികയില്ലെന്ന് എന്റെ ജനതക്കറിയാം. എങ്കിലും മുസ്‌ലിമീങ്ങളുടെ പ്രശ്നം ഞാൻ ഏറ്റെടുത്തിരിക്കുന്നു. അതിനാൽ അബൂബക്റിന്റെ കുടുംബം ഈ ധനത്തിൽനിന്ന് നിത്യവൃത്തിക്കുളളത് ഭക്ഷിക്കുന്നതാണ്. മുസ്‌ലിമീങ്ങൾക്കുവേണ്ടി ഈ ധനത്തിൽ ഞാൻ അധ്വാനിക്കുകയും ചെയ്യും.

### സ്വഹാബത്ത് തങ്ങളുടെ ജോലി സ്വയം ചെയ്തിരുന്നു

(2071) ഹദ്റത്ത് ആഇശ[റ] പറയുന്നു: നബി[സ]യുടെ അനുചരന്മാർ സ്വയം അധ്വാനിക്കുന്നവരായിരുന്നു. ഒരു തരം ദുർഗന്ധം അവരുടെ ശരീരത്തിൽനിന്ന് വമിക്കും. അപ്പോൾ നബി[സ]പറഞ്ഞു: നിങ്ങൾ കുളിക്കുവിൻ. *(ബുഖാരി കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*


### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ
24 ജൂൺ 2022
സമ്പൂർണ പരിഭാഷ

****

ഖുത്വ്ബ തുടർച്ച
01 ജൂലായ് 2022


## നാവിനെ നിയന്ത്രിച്ചുവെക്കാനും നിരർഥവും, അനാവശ്യവും അനവസരത്തിലുളളതും ആവശ്യമില്ലാത്തതുമായ കാര്യങ്ങളിൽനിന്ന് പിന്മാറാനും അല്ലാഹു പാഠം നല്കി.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

'ഈ എല്ലാ കാര്യങ്ങളിൽനിന്നും മനസ്സിലായിരിക്കുന്നത് സത്യമായ തഖ്‌വാ അഥവാ ഈശ്വരഭക്തി കൂടാതെ സൗഖ്യവും സന്തോഷവും കിട്ടുകയില്ലെന്നാണ്. തഖ്‌വായ്ക്ക് ധാരാളം വകുപ്പുകളുണ്ടെന്നത് മനസ്സിലാക്കിയിരിക്കേണ്ടതാണ്. അതു എട്ടുകാലിയുടെ വലപോലെ പടർന്നുപിടിച്ചിരിക്കുന്നതാണ്. തഖ്‌വാ അഥവാ ഈശ്വരഭക്തി മാനുഷികമായ എല്ലാ അവയവങ്ങളും വിശ്വാസങ്ങൾ, നാവ് സ്വഭാവങ്ങൾ തുടങ്ങിയവ സബന്ധിച്ചുളളതാണ്. അതിസൂക്ഷ്മമായിട്ടുള്ള കാര്യം നാവാണ്. ചിലഘട്ടങ്ങളിൽ തഖ്‌വായെ അകറ്റി നിറുത്തി ഒരു കാര്യം പറയുന്നു. താനിങ്ങനെ പറഞ്ഞു, അങ്ങനെ പറഞ്ഞുവെന്ന് വിചാരിച്ച് ഉള്ളിൽ സന്തോഷിക്കുന്നു. വാസ്തവത്തിൽ അക്കാര്യം ചീത്തയാണ്. ഇതുപറഞ്ഞപ്പോൾ എനിക്ക് ഒരു അനുകരണം ഓർമ വന്നു. ഒരു മഹാത്മാവിനെ ലൗകികനായ മനുഷ്യൻ ഭക്ഷണത്തിന് ക്ഷണിച്ചു. ആ മഹാത്മ്വാവ് ഭക്ഷണം കഴിക്കുന്നതിന് പോയി. ആ അങ്കാരിയായ മനുഷ്യൻ തന്റെ ജോലിക്കാരനോടു പറഞ്ഞു: നാം ആദ്യം ഹജ്ജിനുപോയപ്പോൾ കൊണ്ടുവന്ന ആ താല കൊണ്ടുവരിക. രണ്ടാമത്തെ ഹജ്ജിനു പോയപ്പോൾ കൊണ്ടുവന്ന താലായും കൊണ്ടുവരണമെന്ന് പറഞ്ഞു. പിന്നീട് പറഞ്ഞു, മൂന്നാമത്തെ ഹജ്ജിനുപോയപ്പോൾ കൊണ്ടുവന്നതും എടുത്തുകൊണ്ടു വരിക. ആ മാഹത്മാവ് പറഞ്ഞു: 'നീ വളരെ ദയാർഹനാണ്. ഈ മൂന്നു വാക്യങ്ങളിൽ നീ മൂന്നുഹജ്ജും പാഴാക്കിക്കളഞ്ഞു. നീ ഇതുകൊണ്ടുദ്ദേശിച്ചത് നീ മൂന്നു ഹജ്ജ് ചെയ്തകാര്യം പ്രകടിപ്പിക്കുക എന്നതുമാത്രമായിരുന്നു.' അതുകൊണ്ട് നാവിനെ നിയന്ത്രിച്ചുവെക്കാനും നിരർഥവും, അനാവശ്യവും അനവസരത്തിലുളളതും ആവശ്യമില്ലാത്തതുമായ കാര്യങ്ങളിൽനിന്ന് പിന്മാറാനും അല്ലാഹു പാഠം നല്കി. *(മൽഫൂദാത്ത് വാള്യം 1, പേജ് 381, പ്രസാധനം 2018 ഖാദിയാൻ)*

**ഒരിക്കൽ ശരീരത്തോടുകൂടി ലോകത്തുണ്ടായിരുന്ന എല്ലാ ആത്മാക്കളും ഒരുമിച്ചു കൂട്ടപ്പെടുന്നതായിരിക്കും. ഓരോ ജനതയുടേയും നബിയേയും മുന്നിൽകൊണ്ടുവരുന്നതായിരിക്കും. അവർ തങ്ങളുടെ ആളുകളെ സംബന്ധിച്ച് സാക്ഷി പറയുന്നതായിരിക്കും. പുനരുഥാനനാളിൽ നബിമാർ സാക്ഷികളെന്ന നിലയിൽ എഴുന്നേല്പിച്ച് നിറുത്തപ്പെടും എന്ന് പറയപ്പെട്ടിട്ടുളളത് എന്റെ അഭിപ്രായത്തിൽ നബിമാരുടെ സാക്ഷ്യം കൊണ്ടുള്ള ഉദ്ദേശ്യം അവരുടെ മാതൃകയാണ്. അവർ തങ്ങളുടെ മാതൃകകൾ അവർ സമർപിക്കുന്നതായിരിക്കും.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] സൂറ നഹ്‌ലിലെ ***വ യൗമ നബ്അഥു മിൻകുല്ലി ഉമ്മത്തിൻ ശഹീദൻ ഥുമ്മ ലാ യുഅ്ദനു ലില്ലദീന കഫറൂ വലാഹും യുസ്ത്തഅ്തബൂന*** (എല്ലാ ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ നാം എഴുന്നേല്പിക്കുന്ന നാളിനെ സ്മരിക്കുക. പിന്നെ അവിശ്വസിച്ചവർക്ക് (ഒഴികഴിവ് പറയാൻ)അനുവാദം നല്കപ്പെടുകയില്ല. അവർക്ക് ആനുകൂല്യം അനുവദിക്കപ്പെടുകയുമില്ല) എന്ന 85-ാമത്തെ വചനത്തിന് നല്കിയ തഫ്സീറിൽ പറയുന്നു: 'ഈ വലിയ കുറ്റം പറഞ്ഞതിനുശേഷം പരലോകജിവിതത്തിന്റെ പ്രമാണം ഉദ്ധരിച്ചു. ഈ ലോകത്ത് ഈ കുറ്റത്തിന് ശിക്ഷ എന്തായാലും കിട്ടും. എന്നാൽ, പരലോകത്ത് ഇവർ അതിലും കൂടുതൽ ശിക്ഷ പ്രാപിക്കുന്നതാണ്. ആ ശിക്ഷയും നിന്ദ്യതയും ഇതിനെക്കാൾ കഠിനതരമായിരിക്കും. കാരണം ഒരിക്കൽ ശരീരത്തോടുകൂടി ലോകത്തുണ്ടായിരുന്ന എല്ലാ ആത്മാക്കളും ഒരുമിച്ചു കൂട്ടപ്പെടുന്നതായിരിക്കും. ഓരോ ജനതയുടേയും നബിയേയും മുന്നിൽകൊണ്ടുവരുന്നതായിരിക്കും. അവർ തങ്ങളുടെ ആളുകളെ സംബന്ധിച്ച് സാക്ഷി പറയുന്നതായിരിക്കും. പിന്നീട് എന്തുകൊണ്ട് ഈയാളുകൾ അവർക്കു ആ നേരത്തു കിട്ടുന്ന ഈ നിന്ദ്യതയെ കുറിച്ച് ചിന്തിക്കുന്നില്ല. മറ്റൊരു സ്ഥലത്ത് ഈ നിന്ദ്യതയെ കുറിച്ച് താഴെ പറയുന്ന വാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ***ഫകയ്ഫ ഇദാ ജിഅ്നാ മിൻ കുല്ലി ഉമ്മത്തിൻ ബി ശഹീദിൻ വ്വജിഅ്നാ ബിക്ക അലാ ഹാഉലാഇ ശഹീദൻ. യൗമഇദിൻ യ്യവദ്ദുല്ലദീന കഫറൂ വ അസ്വവുർറസൂല ലൗ തുസവ്വാ ബിഹിമുൽഅർളു*** (4:42,43) എന്നാൽ, എല്ലാ ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ കൊണ്ടുവരികയും ഇവർക്കു സാക്ഷിയായി നാം നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോൾ (ഇവരുടെ) സ്ഥിതി എന്തായിരിക്കും? അവിശ്വസിക്കുകയും ദൈവദൂതനെ ധിക്കരിക്കുകയും ചെയ്തവർ അന്നാളിൽ(അവിടെ ഹാജരാവാൻ ഇടവരാതെ)ഭൂമി അവരോടൊപ്പം നിരപ്പാക്കപ്പെട്ടിരുന്നുവെങ്കിൽ (ഭൂമിയിൽ കുഴിച്ചുമൂടപ്പെട്ടിരുന്നുവെങ്കിൽ)എന്ന് ആഗ്രഹിക്കുന്നതാണ്.

അല്ലാഹു എല്ലാ ജനതയിലും നബിയെ നിയോഗിച്ചിട്ടുണ്ടെന്നും ഈ വചനത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. വിശുദ്ധ ഖുർആൻ ഈ വിശ്വാസം വിവിധ ആയത്തുകളിൽ വിവരിച്ചിരിക്കുന്നു. ഇതിൽ നിന്ന് മറ്റുളള എല്ലാ മതങ്ങളും വിട്ടു നില്ക്കുന്നു. ഇത് അതിന്റെ സത്യത്തിനുള്ള തെളിവുകളിൽ ഒരു ഉഗ്രമായ തെളിവാണ്.

അവിശ്വാസകൾക്ക് ആ നേരത്ത് കല്പന നല്കപ്പെടുകയില്ലെന്ന് പറഞ്ഞിട്ടുളളതിന് ചിലർ ഇങ്ങനെ അർഥം പറഞ്ഞിരിക്കുന്നു. അവർക്ക് സംസാരിക്കാൻ കല്പനനല്കപ്പെടുകയില്ല. ഈ അർഥം ശരിയല്ല.കാരണം വിശുദ്ധ ഖുർആനിലെ നിരവധി ആയത്തുകളിൽനിന്ന് സ്ഥാപിതമാകുന്നത് അവിശ്വാസികൾ പുനരുഥാനനാൾ അല്ലഹുവുമായി സംസാരിക്കുമെന്നാണ്. തങ്ങളുടെ ഒഴികഴിവുകളും സമർപിക്കു

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**ഹദ്റത്ത് അലാഅ് പറഞ്ഞു: ജനങ്ങളേ! ഭയപ്പെടണ്ട. നിങ്ങൾ മുസ്‌ലിമീങ്ങളല്ലേ? നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യാൻ വന്നവരല്ലേ?....... നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്നവരല്ലേ? എല്ലാവരും പറഞ്ഞു: അങ്ങനെതന്നെയാണ് സംശയമൊന്നുമില്ല. ഹദ്റത്ത് അലാഅ് പറഞ്ഞു: നിങ്ങൾക്ക് സുവിശേഷമായിരിക്കട്ടെ. കാരണം നിങ്ങളുടെ ഈ അവസ്ഥയിലായിട്ടുള്ളവരെ അല്ലാഹു ഒരിക്കലും വിട്ടുകളുയകയില്ല.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഖുത്ബ ജുമുഅ 2022 ജൂൺ 24/1401 ഇഹ്സാൻ 24,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലത്തെ കലാപകാരികൾക്കെതിരെനടന്ന നടപടികളെ കുറിച്ചായിരുന്നു പറഞ്ഞുവന്നത്.

കലാപകാരികൾക്കെതിരെ ഏഴാമത്തെ യുദ്ധനടപടിയെ കുറിച്ചുള്ള വിശദീകരണം അനുസരിച്ച് ഈ യുദ്ധ നടപടി ഹദ്റത്ത് ഖാലിദ് ബിൻ സയീദ് ബിൻ ആസിന്റേതായിരുന്നു. അദ്ദേഹത്തെ മതപരിത്യാഗികളായ കലാപകാരികളെ നേരിടാൻ അയച്ചതായിരുന്നു. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ), ഹദ്റത്ത് ഖാലിദ് ബിൻ സയീദ് ബിൻ ആസിനുവേണ്ടി പതാകകെട്ടി. അദ്ദേഹത്തെ ശാമിന്റെ അതിർത്തി പ്രദേശമായ ഹംഖത്തയ്നിലേക്ക് അയച്ചു.*(താരീഖ് അത്ത്വബരി വാല്യം 2, പേജ്257, ദാറുൽ കുതുബുൽഇൽമിയ്യ ലബ്നാൻ 2012)*

ഹദ്റത്ത് ഖാലിദ് ബിൻ സയീദ് ബിൻ ആസിന്റെ അടയാളമിങ്ങനെയാണ്. അദ്ദേഹത്തിന്റെ നാമം ഖാലിദ് എന്നാണ്. സംജ്ഞാനാമം അബൂസയീദ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് സയീദ് ബിൻ ആസ് ബിൻ ഉമയ്യ എന്നും മാതാവിന്റെ പേര് ലുബയ്ന ബിൻത് ഹബ്ബാബ് എന്നുമായിരുന്നു. അവർ ഉമ്മു ഖാലിദ് എന്ന പേരിൽ പ്രശസ്തയായിരുന്നു. *(ഉസുദുൽഗാബ വാല്യം 4, പേജ് 124, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2008)(അൽമുസ്തദർക് അലസ്സഹീഹയ്നി ഹാക്കിം, ഭാഗം 5, പേജ് 1896, ഹദീഥ് ല5081, പ്രസാധനം നസാർ മുസ്തഫാ അൽബാസ്, അർരിയാള് 2000)*

ഹദ്റത്ത് ഖാലിദ് ആദ്യകാലത്ത് ഇസ്‌ലാമിൽ വന്നവരിൽപ്പെട്ടയാളാണ്. ചിലർ വിവരിക്കുന്നത്, അദ്ദേഹം ഹദ്റത്ത് അബൂബക്ർ(റ)നു ശേഷം ഇസ്‌ലാം സ്വീകരിച്ചുവെന്നാണ്. അദ്ദേഹം മൂന്നാമത്തേയോ നാലാമത്തേയോ മുസൽമാനായിരുന്നു. ചിലർ വിവരിക്കുന്നത് അദ്ദേഹം അഞ്ചാമത്തെ മുസൽമാനായിരുന്നുവെന്നാണ്. അദ്ദേഹത്തിനുമുമ്പേവരെ, ഹദ്റത്ത് അലി ബിൻ അബീ ത്വാലിബ്, ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ, ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് എന്നിവർ മാത്രമെ ഇസ്‌ലാം സ്വീകരിച്ചിരുന്നുള്ളു.

ഹദ്റത്ത് ഖാലിദ് ഇസ്‌ലാം സ്വീകരിച്ച സംഭവവിവരണം ഇപ്രകാരമാണ്. അദ്ദേഹം സ്വപ്നത്തിൽ കണ്ടു. അഗ്നിയുടെ തീരത്ത് നില്ക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ അതിൽ തള്ളിയിടാൻ ശ്രമിക്കുകയാണ്. അപ്പോൾ തീയിൽ വീഴാതിരിക്കാൻ അദ്ദേഹത്തിന്റെ നടുവിന് നബി(സ)തിരുമേനി പിടിച്ചിരിക്കുന്നത് അദ്ദേഹം കണ്ടു. അപ്പോൾ ഹദ്റത്ത് ഖാലിദ് ഞെട്ടി ഉണർന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! ഈ സ്വപ്നം സത്യമാണ്.' പിന്നീട് അദ്ദേഹം ഹദ്റത്ത് അബൂബക്ർ(റ)നെ കണ്ടു. അദ്ദേഹം തന്റെ സ്വപ്നം ഹദ്റത്ത് അബൂബക്റിനെ കേൾപ്പിച്ചു. ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: താങ്കളുടെ ഗുണം ഉദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. നിന്നെ രക്ഷപ്പെടുത്താൻ അല്ലാഹു ആഗ്രഹിക്കുന്നു. അതായത് മുഹമ്മദു നബി(സ)അല്ലാഹുവിന്റെ റസൂലാണ്. അദ്ദേഹത്തെ പിന്തുടരുക. കാരണം താങ്കൾ ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തെ പിൻപറ്റുകയാണെങ്കിൽ അദ്ദേഹം താങ്കളെ അഗ്നിയിൽ വീഴുന്നതിൽനിന്ന് രക്ഷിക്കുന്നതാണ്. താങ്കളുടെ പിതാവ് ആ അഗ്നിയിൽ വീഴാൻ പോകുകയാണ്.' അങ്ങനെ ഹദ്റത്ത് ഖാലിദ് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടന്ന് മക്കയിൽ 'അജ്യാദ്' എന്ന സ്ഥലത്താണുണ്ടായിരുന്നത്. 'അജ്യാദ്'എന്നതും മക്കയിൽ സ്വഫാ മലയോടു ചേർന്നു കിടക്കുന്ന ഒരു സ്ഥലത്തിന്റെ പേരാണ്. അവിടെ നബി(സ) തിരുമേനി ആടുകളെ മേയിച്ചിരുന്നു. ഹദ്റത്ത് ഖാലിദ്, നബി(സ)തിരുമേനിയോടു പറഞ്ഞു, 'അല്ലയോ മുഹമ്മദ്(സ)! അങ്ങ് ആരിലേക്കാണ് വിളിക്കുന്നത്?' അവിടന്ന് പറഞ്ഞു: 'അല്ലാഹുവിലേക്ക് വിളിക്കുന്നു. അവൻ ഏകനാണ്. അവന് പങ്കാളികളായി ആരുമില്ല. ഈ മുഹമ്മദ്(സ) അവന്റെ ദാസനും അവന്റെ ദൂതനുമാകുന്നു. താങ്കൾ ആ കല്ലുകളെ പൂജിക്കുന്നത് ഉപേക്ഷിക്കുക. അവ കേൾക്കുന്നില്ല. കാണുന്നില്ല. ആർക്കും നഷ്ടമൊന്നുമുണ്ടാക്കുന്നുമില്ല. ഗുണവും ചെയ്യുന്നില്ല. എന്തിനെയൊക്കയാണ് പൂജിക്കുന്നതെന്നും എന്തിനെയൊക്കെയാണ് ആരാധിക്കാത്തതെന്നും അവ അറിയുന്നില്ല.' അപ്പോൾ ഹദ്റത്ത് ഖാലിദ് പറഞ്ഞു:'അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അങ്ങ് അല്ലാഹുവിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.' നബി(സ)തിരുമേനി ഹദ്റത്ത് ഖാലിദ് ഇസ്‌ലാം സ്വീകരിച്ചതോടെ വളരെ സന്തോഷിച്ചു. ഇസ്‌ലാം സ്വീകരിച്ചശേഷം ഹദ്റത്ത് ഖാലിദ് ഒളിവിൽപ്പോയി. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ച വിവരം അദ്ദേഹത്തന്റെ പിതാവ് അറിഞ്ഞപ്പോൾ അയാൾ തന്റെ ഇസ്‌ലാം സ്വീകരിക്കാത്ത മറ്റു മക്കളെ ഹദ്റത്ത് ഖാലിദിനെ അന്വേഷിക്കാൻ പറഞ്ഞയച്ചു. അങ്ങനെ അവർ അദ്ദേഹത്തെ തിരഞ്ഞു നടന്നു. അദ്ദേഹത്തെ തന്റെ പിതാവിന്റെ അടുക്കൽ കൊണ്ടുവന്നു. ഹദ്റത്ത് ഖാലിദിന്റെ പിതാവ് അദ്ദേഹത്തെ ചീത്തപറയാനും മർദിക്കാനും തുടങ്ങി. തന്റെ കൈയിലുണ്ടായിരുന്ന വടി കൊണ്ടാണ് അയാൾ അടിച്ചത്. അദ്ദേഹത്തിന്റെ തലയ്ക്ക് പരിക്കേറ്റു. അയാൾ പറഞ്ഞു:'നീ മുഹമ്മദിനെ(സ)പിൻപറ്റിയിരിക്കുന്നു. വാസ്തവത്തിൽ നീ അവന്റെ ജനതയുടെ അവനെതിരിലുള്ള എതിർപ്പു കാണുന്നുണ്ട്; അവരുടെ ദൈവങ്ങളുടെ ദോഷങ്ങൾ വിവരിക്കുന്നതും അവരുടെ പൂർവികരെ അധിക്ഷേപിക്കുന്നതും!' ഹദ്റത്ത് ഖാലിദ് മറുപടി നല്കി: 'അല്ലാഹുവാണ! ഞാൻ നബി(സ)തിരുമേനിയെ പിൻപറ്റി കഴിഞ്ഞിരിക്കുന്നു.' അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് ശക്തമായി കോപിച്ചു. അദ്ദേഹത്തോടു പറഞ്ഞു:'അല്ലയോ വിഡ്ഢീ!എന്റെ ദൃഷ്ടികളിൽനിന്ന് ദൂരത്തു പോകുക. എവിടെയാണെന്നുവച്ചാൽ പൊയ്ക്കൊള്ളുക. നിന്റെ ഭക്ഷണം തടയുന്നതാണ്.' അപ്പോൾ ഹദ്റത്ത് ഖാലിദ് പറഞ്ഞു: 'അങ്ങ് എന്റെ ഭക്ഷണം തയുകയാണെങ്കിൽ അല്ലെഹു എന്റെ ജീവൻ നിലനിറുത്തുന്നതിന് എനിക്ക് ഭക്ഷണം പ്രദാനം ചെയ്യുന്നതായിരിക്കും.' അങ്ങനെ അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ വീട്ടിൽനിന്ന്

ഇറക്കിവിട്ടു. അവനോടു നിങ്ങളിലാരും സംസാരിക്കാൻ പാടില്ലെന്ന് പറഞ്ഞ് വീട്ടുകാരെ വിലക്കുകയും ചെയ്തു.അങ്ങനെ ഹദ്റത്ത് ഖാലിദ്(റ) അവിടെനിന്നിറങ്ങി. നബി(സ)തിരുമേനിയോടൊപ്പം താമസിക്കാൻ തുടങ്ങി. പൊതുവായ നിലയിൽ തന്റെ പിതാവിൽനിന്ന് ഒളിഞ്ഞ് മക്കയുടെ പരിസരത്ത് താമസിക്കുയാണ് ചെയ്തിരുന്നത്. വീണ്ടും പിടിക്കപ്പെടാതിരിക്കാനും വീണ്ടും മർദനം ഏല്ക്കാതിരിക്കാനും!

ഹദ്റത്ത് ഖാലിദിന്റെ പിതാവ് മുസ്‌ലിമീങ്ങളുടെമേൽ ഒരുപാട് അക്രമവും ദ്രോഹവും ചെയ്യുന്ന ആളായിരുന്നു. മക്കയിലെ ആദരണീയരിൽപ്പെട്ടയാളായിരുന്നു. ഒരിക്കൽ അയാൾക്ക് കഠിനമായ രോഗം ബാധിച്ചപ്പോൾ പറഞ്ഞു: 'അല്ലാഹു എനിക്ക് ഈ രോഗത്തിൽനിന്ന് ശിഫാ നല്കിയാൽ-അല്ലാഹുവിന്റെ പേരാണോ പറഞ്ഞത് അതോ തന്റെ ദൈവങ്ങളുടെ പേരാണോ പറഞ്ഞതെന്ന് അറിയില്ല-എന്തായാലും അയാൾ പറഞ്ഞു; 'ഈ രോഗത്തിൽനിന്ന് എനിക്കു ശിഫാ കിട്ടിയാൽ, പിന്നീട് ഇബ്നീ അബീ കബ്ഥ അതായത് മുഹമ്മദ്(സ)യുടെ ദൈവത്തിന്റെ ആരാധന മക്കയിലുണ്ടാകുകയില്ല. ഞാൻ ഇവിടെയുള്ള എല്ലാ മുസ്‌ലിമീങ്ങളേയും പുറത്താക്കുകയും ചെയ്യും.' പിന്നീട് ഖാലിദ് ഇതറിഞ്ഞപ്പോൾ അദ്ദേഹം തന്റെ പിതാവിന്നെതിരെ അയാൾക്ക് ശിഫാ കൊടുക്കരുതേ എന്ന് ദുആ ചെയ്തു. അങ്ങനെ അയാൾ അതേ രോഗത്തിൽ മരിച്ചു.

മുസ്‌ലിമീങ്ങൾ ഹബ്ശയിലേക്ക് രണ്ടാമത് ഹിജ്റത്ത് ചെയ്തപ്പോൾ ഹദ്റത്ത് ഖാലിദും അവരോടൊപ്പം പോയി. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ ഭാര്യ ഉമയ്മ ബിൻത് ഖാലിദ് ഖുസായിയായും ഉണ്ടായിരുന്നു. ഹദ്റത്ത് ഖാലിദിന്റെ മറ്റൊരു സഹോദരൻ ഹദ്റത്ത് അംറ് ബിൻ സയീദും അദ്ദേഹത്തോടൊപ്പം ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് ഖാലിദ് ഖയ്ബർ യുദ്ധകാലത്ത് ഹബ്ശയിൽനിന്ന് ഹദ്റത്ത് ജഅ്ഫർ അബീത്വാലിബിനോടൊപ്പം നബി(സ)തിരുമേനിയുടെ തിരുസന്നിധിയിലെത്തി. ഖയ്ബർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. പക്ഷേ, നബി(സ)തിരുമേനി ഗനീമത്തു മുതലിൽനിന്ന് അദ്ദേഹത്തിനും വിഹിതം നല്കി, അതിനുശേഷം ഉമറത്തുൽ ഖളാ, ഫത്ഹ് മക്ക, ഹുനയ്ൻ യുദ്ധം, ത്വാഇഫ്, തബൂക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു.*(ഉസുദുൽഗാബ വാല്യം 4, പേജ് 124 -125, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2008) (ഫർഹങ്കെ സീറത്ത് പേജ് 30, സവാർ അക്കാഡമി കറാച്ചി)*

അദ്ദേഹത്തിന് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഇതിൽ അദ്ദേഹം എപ്പോഴും വ്യസനിച്ചിരുന്നു. നബി(സ)തിരുമേനിയോടു ചോദിച്ചു, 'യാ റസൂലല്ലാഹ്! ഞങ്ങൾക്ക് അങ്ങയോടൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.' നബി(സ) തിരുമേനി പറഞ്ഞു: 'ആളുകൾക്ക് ഒരു ഹിജ്റത്തിന്റെ ഭാഗ്യം കിട്ടുന്നത് താങ്കൾക്കിഷ്ടമല്ലേ? താങ്കൾക്കാണെങ്കിൽ രണ്ടു ഹിജ്റത്തിന്റേയും!' *(ത്വബഖാത്ത് ഇബ്നു സഅ്ദ് വാല്യം 4, പേജ് 75, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) 'ദീബാച്ച തഫ്സീറുൽ ഖുർആനിൽ' വഹ്‌യ് എഴുതിയിരുന്നവരുടെ പേരുകൾ എഴുതിയിട്ടുണ്ട്. അവരിൽ ഖാലിദ് ബിൻ സയീദ് ബിൻ ആസിന്റെ പേരുമുണ്ട്. *(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 425)*

ഹദ്റത്ത് ഖാലിദ് ബിൻ സയീദിനെ നബി(സ)തിരുമേനി യമനിലെ സക്കാത്ത് പിരിക്കുന്നതിന് നിശ്ചയിച്ചിരുന്നു. നബി(സ) തിരുമേനിയുടെ വഫാത്തുവരെ അദ്ദേഹം ഈ സ്ഥാനത്തുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം മദീനയിൽ വന്നു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തോടു 'തിരിച്ചു വന്നതെന്താണ്?' എന്ന് ചോദിച്ചു. താൻ റസൂലുല്ലായ്ക്കുശേഷം ആരുടെ ഭാഗത്തുനിന്നും ജോലി ചെയ്യുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം ഹദ്റത്ത് അബൂബക്റിന് ബയ്അത്തു ചെയ്യാൻ കാലവിളംബം നടത്തിയെന്ന് പറയപ്പെടുന്നുണ്ട്. പക്ഷേ, ബനൂ ഹാശിം ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തപ്പോൾ ഹദ്റത്ത് ഖാലിദും ഹദ്റത്ത് അബൂബക്റിന് ബയ്അത്ത് ചെയ്തു. പിന്നീട് ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തെ പല അവസരങ്ങളിലും സൈന്യങ്ങളുടെ അമീറാക്കി അയച്ചു.

ഹദ്റത്ത് ഖാലിദ് 'മർജുസ്സുഫ്ഫറി'ൽ ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തുകാലത്ത് ശഹീദായി. ചിലർ പറയുന്നത്, 'മർജുസ്സുഫ്ഫർ' ഹിജ്റ 14-ൽ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്താണ് ആരംഭിച്ചതെന്നാണ്. ഹദ്റത്ത് ഖാലിദ് ശാം ദേശത്ത് അജ്നാദയ്ൻ യുദ്ധത്തിൽ ഹദ്റത്ത് അബൂബക്ർ(റ) വഫാത്താകുന്നതിന് 24 ദിവസംമുമ്പേ ശഹീദായിരുന്നുവെന്ന് പറയപ്പെടുന്നു. *(ഉസുദുൽഗാബ വാല്യം 4, പേജ് 125, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്2008)*

താരീഖ് ത്വബരിയിൽ ഹദ്റത്ത് ഖാലിദിന്റെ മതപരിത്യാഗികൾക്കെതിരിലുള്ള യുദ്ധ നടപടിയുടെ വിശദീകരണം ഇങ്ങനെയുണ്ട്: ഹദ്റത്ത് അബൂബക്ർ(റ) മതപരിത്യാഗകളെ അടിച്ചമർത്താൻവേണ്ടി പതാക കെട്ടുകയും ആരെയൊക്കെയാണോ തിരഞ്ഞെടുക്കേണ്ടത് അവരെ തിരഞ്ഞെടുക്കുകയും ചെയ്തപ്പോൾ അവരിലൊരാൾ ഹദ്റത്ത് ഖാലിദ് ബിൻ സയീദുമായിരുന്നു. ഹദ്റത്ത് ഉമർ(റ), അദ്ദേഹത്തെ അമീറായി നിശ്ചയിക്കുന്നതിനോടു, ഹദ്റത്ത് അബൂബക്റിനോടു വിയോജിച്ചു. അദ്ദേഹത്തെക്കൊണ്ട് ഒരു ജോലിയും താങ്കൾ ചെയ്യിക്കേണ്ടെന്ന് പറഞ്ഞു. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: 'സാധ്യമല്ല.' ഹദ്റത്ത് ഉമറിന്റെ അഭിപ്രായത്തോടു വിയോജിച്ചു. ഹദ്റത്ത് ഖാലിദിനെ തയ്മായിൽ സഹായസൈന്യത്തിൽ നിയോഗിച്ചു. തയ്മാഉം ശാമിന്റേയും മദീനയുടേയുമിടയിലുള്ള ഒരു പ്രസിദ്ധ നഗരമാണ്. അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് ഖാലിദ് ബിൻ സയീദിനോടു തയ്മായിലേക്ക് പോകാൻ കല്പിച്ചപ്പോൾ സ്വന്തം സ്ഥലത്തുനിന്ന് മാറരുതെന്ന് പറഞ്ഞു. ചുറ്റുപാടുമുള്ള ആളുകളോടു താനുമായി കാണുവാൻ ക്ഷണിക്കുക. മുർത്തദാകാത്തവരെമാത്രം സ്വീകരിക്കുക. നിങ്ങളോടു യുദ്ധം ചെയ്യുന്നവരുമായിട്ടല്ലാതെ ആരുമായും എന്റെ കല്പന കിട്ടുന്നതുവരെ യുദ്ധം ചെയ്യരുത്. ഹദ്റത്ത് ഖാലിദ് തയ്മായിൽ താമസിച്ചു. ചുറ്റുപാടുമുള്ള ഓരോ സംഘങ്ങൾ അദ്ദേഹത്തെ വന്നു കണ്ടു. റോമക്കാർക്ക് മുസ്‌ലിമീങ്ങളുടെ ഈ വൻ സൈന്യത്തെ കുറിച്ച് വിവരം കിട്ടിയപ്പോൾ അവർ തങ്ങൾക്ക് വിധേയരായിട്ടുള്ള അറബികളോടു ശാമിലെ യുദ്ധത്തിനുവേണ്ടി സൈന്യങ്ങളെ ആവശ്യപ്പെട്ടു. ഹദ്റത്ത് ഖാലിദ് റോമക്കാരുടെ തയ്യാറെടുപ്പിനേയും അറേബ്യൻ ഗോത്രങ്ങളുടെ വരവിനേയും സംബന്ധിച്ച് ഹദ്റത്ത് അബൂബക്റിനെ വിവരം അറിയിച്ചു. ഹദ്റത്ത് അബൂബക്ർ(റ) മറുപടി എഴുതി: 'നിങ്ങൾ മുമ്പോട്ടു ഗമിക്കുക. അല്പംപോലും പരിഭ്രമിക്കരുത്. അല്ലാഹുവിനോടു സഹായം തേടുക.'

ഹദ്റത്ത് ഖാലിദ് മറുപടി കിട്ടിയുടനെ ശത്രുവിന്റെ ഭാഗത്തേക്ക് നീങ്ങി. അടുത്തെത്തിയപ്പോൾ ശത്രുക്കളുടെമേൽ എങ്ങനെയുള്ള ഭയമുണ്ടായെന്നാൽ അവരെല്ലാം തങ്ങളുടെ സ്ഥലമുപേക്ഷിച്ച് അങ്ങോട്ടുമിങ്ങോട്ടും ചിന്നിചിതറുകയും ഓടിപ്പോകുകയും ചെയ്തു. ഹദ്റത്ത് ഖാലിദ് ശാത്രുവിന്റെ സ്ഥലം കൈക്കലാക്കി. ഹദ്റത്ത് ഖാലിദിന്റെ അടുത്ത് സംഘടിച്ചിരുന്ന ഭൂരിഭാഗമാളുകളും മുസ്‌ലിമീങ്ങളായി. ഈ വിജയത്തെ കുറിച്ചുള്ള വിവരം ഹദ്റത്ത് ഖാലിദ് ഹദ്റത്ത് അബൂബക്റിനെ അറിയിച്ചു. ഹദ്റത്ത് അബൂബക്ർ(റ) എഴുതി: 'നിങ്ങൾ മുന്നോട്ടു പോകുക, എന്നാൽ, ശത്രുക്കൾക്ക് പിന്നിൽനിന്ന് ആക്രമിക്കാൻ അവസരം കിട്ടുംവിധം മുന്നോട്ടു പോകരുത്.' *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 331 -232, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ 2012)(ഫർഹങ്കെ സീറത്ത് പേജ് 78, സവാർ അക്കാഡമി കറാച്ചി)*

ഹദ്റത്ത് അബൂബക്റിന്റെ കാലഘട്ടത്തിൽ മതപരിത്യാഗികൾക്കെതിരിൽ ഹദ്റത്ത് ഖാലിദ് ബിൻ സയീദിന്റെ നടപടികൾ ഇത്രമാത്രമാണ് ചരിത്രഗ്രന്ഥങ്ങളിൽനിന്ന് ലഭിക്കുന്നത്. ഇതിനുപുറമെ ഹദ്റത്ത് അബൂബക്റിന്റെ കാലഘട്ടത്തിൽ ശാം വിജയങ്ങളുടെ ചർച്ചയിൽ അദ്ദേഹത്തിന്റെ പങ്കാളിത്വത്തെ കുറിച്ചുള്ള വിവരം പിന്നീട് വിവരിക്കുന്നതാണ്.

എട്ടാമത്തെ യുദ്ധ നടപടി മതപരിത്യാഗികൾക്കെതിരെ ഹദ്റത്ത് ത്വുറയ്ഫ ബിൻ ഹാജിസ് നടത്തിയതാണ്. ഹദ്റത്ത് അബൂബക്ർ(റ) ഒരു കൊടി ഹദ്റത്ത് ത്വുറയ്ഫ ബിൻ ഹാജിസിന് നല്കാൻ കെട്ടി. ബനൂ സുലയ്മിനേയും ബനൂഹവാസിനേയും നേരിടാൻ അദ്ദേഹത്തിന് കല്പന നല്കി. *(താരീഖ് അത്ത്വബരി വാല്യം 2, പേജ് 257, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ 2012)*

ഹദ്റത്ത് അബൂബക്ർ(റ) ബനൂസുലയ്മിനേയും ബനൂഹവാസിനേയും നേരിടാൻ മഅൻ ബിൻ ഹാജിസിനെ അയച്ചിരുന്നുവെന്ന് ഒരു നിവേദനത്തിലുണ്ട്. എന്തായാലും അല്ലാമ ഇബ്നു അബ്ദുൽബിർറ് അൽഇസ്തീആബിൽ ഹദ്റത്ത് ത്വുറയ്ഫയുടേയും മഅന്റെ പിതാവിന്റേയും പേര് ഹാജിസ് അതായത് 'സാ'അയോടുകൂ

ടിയും അല്ലാമ ഇബ്നു അഥീര്‍ ഉസുദുല്‍ഗാബയില്‍ ഹാജിര്‍ അതായത് 'റാ'യോടുകൂടിയുമാണ് എഴുതിയിട്ടുള്ളത്.*(അല്‍കാമില്‍ ഫിത്താരീഖ് വാള്യം 2, പേജ് 208, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത് 2006) (അല്‍ഇസ്തീആബ് വാള്യം 2, പേജ് 326, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത് 2010)(ഉസുദുല്‍ഗാബ വാള്യം 3, പേജ് 73, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത്2016)*

ഹദ്റത്ത് അബൂബക്ര്‍[റ] ഖലീഫയായി നിശ്ചയിക്കപ്പെട്ടതിനുശേഷം ഹദ്റത്ത് ത്വുറയ്ഫ ബിന്‍ ഹാജിസിനെ ഇസ്‌ലാമില്‍ അടിയുറച്ചു നിന്നിരുന്ന ബനൂ സുലയ്മിലെ അറബികളുടെ ഭരണാധികാരി ആക്കിയിരുന്നു. ഇദ്ദേഹം ആത്മാര്‍ഥനും ഉത്സാഹിയുമായ ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം എത്രമാത്രം ആകര്‍ഷണീയമായ പ്രസംഗങ്ങളാണ് ചെയ്തിരുന്നതെന്നാല്‍ ബനൂസുലയ്മിലെ ധാരാളം അറബികള്‍ അദ്ദേഹത്തെ വന്നു കണ്ടു.*(ഹദ്റത്ത് അബൂബക്ര്‍(റ)ന്റെ സര്‍ക്കാരീ ഖുതൂത്, പേജ് 33)*

മറ്റൊരു നിവേദനത്തിലുണ്ട്. ഇതു നിവേദനം ചെയ്യുന്നത് ഹദ്റത്ത് അബ്ദുല്ലാഹ് ബിന്‍ അബൂബക്റാണ്. ബനൂ സുലയ്മിന്റെ അവസ്ഥ എന്തായിരുന്നുവെന്നാല്‍ നബി[സ] തിരുമേനിയുടെ വഫാത്തിനുശേഷം അവരില്‍നിന്ന് ചിലര്‍ മതപരിത്യാഗികളായി. കുഫ്റിലേക്ക് തമടങ്ങിപ്പോയി. അതിലെ ചിലയാളുകള്‍ തങ്ങളുടെ ഗോത്രത്തിന്റെ അമീര്‍ മഅന്‍ ബിന്‍ ഹാജിസിനോടും അല്ലെങ്കില്‍ അദ്ദേഹത്തിന്റെ സഹോദരന്‍ ത്വുറയ്ഫ ബിന്‍ ഹാജിസിനോടുമൊപ്പം ഇസ്‌ലാമില്‍ ഉറച്ചുനിന്നു. ഹദ്റത്ത് ഖാലിദ് ബിന്‍ വലീദ്[റ], ത്വുലയ്ഹായെ നേരിടാന്‍ പുറപ്പെട്ടപ്പോള്‍ ഹദ്റത്ത് അബൂബക്ര്‍[റ], മഅനെഴുതി: ബനൂസുലയ്മില്‍നിന്ന് ആരാണോ ഇസ്‌ലാമില്‍ ഉറച്ചു നില്ക്കുന്നത് അവരേയുംകൊണ്ട് ഹദ്റത്ത് ഖാലിദിനോടൊപ്പം പോകുക. ഹദ്റത്ത് മഅന്‍[റ], തന്റെ സ്ഥാനത്ത് തന്റെ സഹോദരന്‍ ത്വുറയ്ഫാ ബിന്‍ ഹാജിസിനെ പ്രതിനിധിയാക്കി ഹദ്റത്ത് ഖാലിദിനോടൊപ്പം പുറപ്പെട്ടു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ്266, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ലബ്നാന്‍ 2012)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിന്‍ അബൂബക്റില്‍നിന്നുതന്നെ മറ്റൊരു നിവദനവുമുണ്ട്. ബനൂസുലയ്മിലെ ഒരാള്‍ ഹദ്റത്ത് അബൂബക്റിന്റെ അടുത്തുവന്നു. അയാളെ ഫുജാഅ എന്നാണ് പറയാറുണ്ടായിരുന്നത്. അയാളുടെ പേര്‍ ഇയാസ് ബിന്‍ അബ്ദുല്ലാഹ് എന്നായിരുന്നു. ഫുജാഅ എന്ന വാക്കില്‍ 'പെട്ടെന്ന്' എന്ന പൊരുള്‍ കാണാം. കാരണം ഈ വ്യക്തി മിന്നല്‍വേഗത്തില്‍ യാത്രക്കാരുടെമേലും നാട്ടുകാരുടെമേലും ആക്രമണം നടത്തി കൊള്ളയടിക്കുമായിരുന്നു. അതുകൊണ്ടാണ് അയാളുടെപേര്‍ ഫുജാഅ എന്നായത്. എന്തായാലും ഇയാള്‍ അബൂബക്റിന്റെ അടുത്തുവന്നു. അയാള്‍ പറഞ്ഞു: 'ഞാന്‍ മുസ്‌ലിമാണ്. അവിശ്വാസികളില്‍നിന്ന് മതപരിത്യാഗികളായവര്‍ക്കെതിരെ ഞാന്‍ യുദ്ധം ചെയ്യാനാഗ്രഹിക്കുന്നു. അങ്ങ് എനിക്ക് യാത്രാവാഹനം നല്കിയാലും. എന്നെ സഹായിച്ചാലും.' ഹദ്റത്ത് അബൂബക്ര്‍[റ] അയാള്‍ക്ക് യാത്രാവാഹനം നല്കി. ആയുധവും നല്കി. ഒരു സ്ഥലത്ത് ഇതിന്റെ വിശദീകരണം ഇങ്ങനെ ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബൂബക്ര്‍ അയാള്‍ക്ക് രണ്ടു കുതിരയും വേറൊരു നിവേദനമനുസരിച്ച് 30 ഒട്ടകവും മുപ്പത് പടയാളികളുടെ ആയുധവും നല്കി. സായുധരായ 10 മുസ്‌ലിമീങ്ങളെ അയാളോടൊപ്പം അയച്ചു. ഈയാള്‍ അവിടെനിന്നു പോയി. മുസ്‌ലിമോ മുര്‍ത്തദ്ദോആയ ആര്‍ അയാളുടെ മുന്നില്‍വന്നാലും അവരുടെ വസ്തുവകകള്‍ കൊള്ളയടിക്കുമായിരുന്നു. നിഷേധിക്കുന്നവരെ കൊല്ലുകയും ചെയ്തിരുന്നു. എല്ലാവരോടും ഇയാള്‍ ഇങ്ങനെത്തന്നെയാണ് ചെയ്തിരുന്നത്. മുസ്‌ലിമീങ്ങളേയും കൊന്നിരുന്നു. ശഹീദാക്കുമായിരുന്നു. അയാളോടൊപ്പം ബനൂ ശരീദിലെ ഒരാളുമുണ്ടായിരുന്നു. ഇയാളെ നജബ ബിന്‍ അബൂ മയ്ഥാ എന്നാണ് പറഞ്ഞിരുന്നത്. ഒരു നിവേദനത്തിലുണ്ട് ഫുജാഅ തന്റെ ഗോത്രത്തിലേക്ക് പോയി. വഴിയില്‍ മതപരിത്യാഗികളായ അറബികളെ തന്നോടൊപ്പം കൂട്ടിക്കൊണ്ടിരുന്നു.

അയാളുടെ സംഘം കൂടുതലായപ്പോള്‍ അയാള്‍ ആദ്യം തന്റെ മുസ്‌ലിം കൂട്ടുകാരെ കൊന്നു. അവരുടെ വസ്തുവകകളെല്ലാം കൊള്ളയടിച്ചു. പിന്നീട് അയാള്‍ കൊള്ള തുടങ്ങി.

ചിലപ്പോള്‍ ഈ ഗോത്രത്തെ കൊള്ളയടിക്കും; ചിലപ്പോള്‍ ആ ഗോത്രത്തെ. മുസ്‌ലിമീങ്ങളുടെ ഒരു പാര്‍ട്ടി മദീനയില്‍ പോകുകയായിരുന്നു. അവരെ കൊള്ളയടിച്ചു വധിച്ചു. ആദ്യം കൊള്ളയടിച്ചു. പിന്നീട് വധിക്കുകയും ചെയ്തു. ശഹീദാക്കി. ഹദ്റത്ത് അബൂബക്ര്‍[റ] ഇതറിഞ്ഞു. അദ്ദേഹം ത്വുറയ്ഫ ബിന്‍ ഹാജിസിനെഴുതി. ചിലര്‍ പറയുന്നത് ഹദ്റത്ത് അബൂബക്ര്‍[റ] ഈ കല്പന യഥാര്‍ഥത്തില്‍ മഅന് അയച്ചുവെന്നാണ്. അദ്ദേഹം തന്റെ സഹോദരന്‍ ത്വുറയ്ഫായ്ക്ക് അയച്ചുകൊടുത്തു. എന്തായാലും ഹദ്റത്ത് അബൂബക്ര്‍ എഴുതി: 'അല്ലാഹുവിന്റെ ശത്രു ഫുജാഅ എന്റെ അടുത്തുവന്നു. താന്‍ മുസ്‌ലിമാണെന്ന് അയാള്‍ പറയുന്നുണ്ടായിരുന്നു. താന്‍ ഇസ്‌ലാമില്‍നിന്ന് മതപരിത്യാഗികളായവര്‍ക്കെതിരെ പോരാടുന്നതിന് തനിക്ക് ശക്തി ലഭ്യമാക്കണമെന്ന് അയാള്‍ എന്നോടു പറഞ്ഞു. അങ്ങനെ ഞാന്‍ അയാള്‍ക്ക് യാത്രാവാഹനവും ആയുധവും നല്കി. ഇപ്പോള്‍ എനിക്ക് ഉറപ്പായും അറിയാന്‍ കഴിഞ്ഞു, അല്ലാഹുവിന്റെ ഈ ശത്രു മുസ്‌ലിമീങ്ങളുടേയും മുര്‍ത്തദ്ദീങ്ങളുടേയും അടുത്തുപോകുകയും അവരുടെ വസ്തുവകകള്‍ എടുത്തുകൊണ്ടു പോകുകയും ചെയ്യുന്നു. അയാളെ എതിര്‍ക്കുന്നവരെ വധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് താങ്കള്‍ താങ്കളോടൊപ്പമുള്ളവരേയും കൂട്ടി പോകുകയും അയാളെ കൊല്ലുകയോ അല്ലെങ്കില്‍ കഴക്കി എന്റെയടുത്തു അയക്കുകയോ ചെയ്യുക.' ഒരു നിവേദനത്തിലുണ്ട്, ഹദ്റത്ത് അബൂബക്ര്‍[റ], ഹദ്റത്ത് ത്വുറയ്ഫയെ സഹായിക്കാന്‍ ഹദ്റത്ത് അബ്ദുല്ലാഹ് ബിന്‍ ഖയ്സിനേയും അയച്ചു. ഹദ്റത്ത് ത്വുറയ്ഫ ബിന്‍ ഹാജിസ് അയാളെ നേരിടാന്‍ പുറപ്പെട്ടു. രണ്ടുകൂട്ടരും തമ്മില്‍ പരസ്പരം അടിപിടി ഉണ്ടായപ്പോള്‍ ആദ്യം അമ്പുകള്‍ കൊണ്ടുമാത്രമായിരുന്നു പോരാട്ടം. ഒരു അമ്പ് നജബ ബിന്‍ അബൂമയ്ശായ്ക്കേറ്റു. അതുകൊണ്ട് അയാള്‍ നാശമടഞ്ഞു. മുസ്‌ലിമീങ്ങളുടെ ധീരതയും സ്ഥൈര്യവും ഫുജാഅ കണ്ടപ്പോള്‍ അയാള്‍ ഹദ്റത്ത് ത്വുറയ്ഫയോടു പറഞ്ഞു:'ഈ ജോലിക്ക് താങ്കള്‍ എന്നെക്കാള്‍ കൂടുതല്‍ അവകാശിയല്ല. താങ്കളും ഹദ്റത്ത് അബൂബക്ര്‍ നിശ്ചയിച്ച അമീറാണ്. ഞാനും അദ്ദേഹം നിശ്ചയിച്ച അമീറാണ്.' വളരെ തന്ത്രപൂര്‍വം അയാള്‍ യുദ്ധം തടയാന്‍ ശ്രമിച്ചു. ഹദ്റത്ത് ത്വുറയ്ഫ അയാളോടു പറഞ്ഞു, 'സത്യവാനാണെങ്കില്‍ ആയുധം താഴെ ഇടുക. നിന്നെ പിടിക്കാന്‍വേണ്ടിയാണ് ഹദ്റത്ത് അബൂബക്ര്‍ എന്നെ അയച്ചിട്ടുള്ളത്.'

'ആയുധം താഴെ വെക്കുക. എന്നോടൊപ്പം ഹദ്റത്ത് അബൂബക്റിന്റെ അടുത്തു വരിക. ആരാണ് അമീറെന്ന് അവിടെ തീരുമാനമുണ്ടാകും.' അങ്ങനെ ഫുജാഅ ഹദ്റത്ത് ത്വുറയ്ഫയൊടൊപ്പം മദീനയിലേക്ക് പുറപ്പെട്ടു. ഇരുവരും ഹദ്റത്ത് അബൂബക്റിന്റെ അടുത്തു വന്നപ്പോള്‍ ഹദ്റത്ത് അബൂബക്ര്‍[റ] അയാളെ ബഖീഅലേക്ക് കൊണ്ടുപോകാനും കത്തിക്കാനും ഹദ്റത്ത് ത്വുറയ്ഫയോടു കല്പിച്ചു. അയാളോടു ഇങ്ങനെ പെരുമാറാന്‍ കാരണം അയാള്‍ മുസ്‌ലിമീങ്ങളോടു അങ്ങനെയാണ് പെരുമാറിയിരുന്നത്. ഹദ്റത്ത് ത്വുറയ്ഫ അയാളെ അവിടെ കൊണ്ടുപോയി. അഗ്നികുണ്ഠമുണ്ടാക്കി അതിലിട്ടു. പോരാട്ടത്തിന്നിടയില്‍ ഫുജാഅ ഓടിക്കളഞ്ഞുവെന്ന് ഒരു നിവേദനത്തില്‍ വരുന്നുണ്ട്. ഹദ്റത്ത് ത്വുറയഫ അയാളെ പിന്തുടര്‍ന്ന് കീഴ്പ്പെടുത്തി ബന്ദിയാക്കുകയും അബൂബക്റിന്റെ അടുത്ത് അയക്കുകയുമായിരുന്നു. അയാള്‍ അബൂബക്റിന്റെ അടുത്തെത്തിയപ്പോള്‍ അദ്ദേഹം അയാള്‍ക്കായി ഒരു വലിയ തൂക്കുണ്ഡം തയ്യാറാക്കി. കാലും കൈയും ബന്ധിച്ച് അതിലേക്കിട്ടു.*(താരീഖ് അത്ത്വബരി വാള്യം 2, പേജ് 266, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ലബ്നാന്‍ 2012)(ഹദ്റത്ത് അബൂബക്റിന്റെ സര്‍ക്കാരിഖുതൂത്, ഖുര്‍ശീദ് അഹ്മദ് ഫാരിഖ്, പേജ് 33-34) (ഫുതൂഹുല്‍ബുല്‍ദാന്‍ ലി ബിലാദരി മുക്കര്‍ജിം, പേജ് 152, നഫീസ് അക്കാഡമി കറാച്ചി)*

ഒമ്പതാമത്തെ യുദ്ധ നടപടി ഹദ്റത്ത് അലാഅ് ബിന്‍ ഹള്റമിയുടേതായിരുന്നു. അത് മുര്‍ത്തദ്ദീങ്ങളായ കലാപകാരികള്‍ക്കെതിരിലായിരുന്നു. ഹദ്റത്ത് അബൂബക്ര്‍[റ] ഒരു കൊടി ഹദ്റത്ത് അലാഅ് ബിന്‍ ഹള്റമിക്ക് നല്കി. ബഹ്റയ്നിലേക്ക് പോകാന്‍ കല്പിക്കുകയും ചെയ്തു.*(താരീഖ് അത്ത്വബരി വാള്യം 2, പേജ് 257, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ലബ്നാന്‍ 2012)*

ബഹ്റയ്ന്‍ യമാമയുടേയും പേര്‍ഷ്യന്‍ ഉള്‍ക്കടലിന്റേയും ഇടയ്ക്കാണ് സ്ഥിതി ചെയ്യുന്നത്. അതില്‍ ഇപ്പോഴത്തെ ഖത്വറും, ദ്വീപുകളായ ഇമാറാത്ത് ബഹ്റയ്നും പെട്ടിരുന്നു. ഇത് ഇക്കാലത്ത് ചെറിയ ബഹ്റയ്ന്‍ അല്ല. പ്രത്യുത വളരെ വിശാലമായ പ്രദേശമാണ്. അതിന്റെ തലസ്ഥാനം ദാരീനായിരുന്നു. നബി[സ]തിരുമേനിയുടെ കാലത്ത് ഇവിടെ മുന്‍ദിര്‍ ബിന്‍ സാവാന്‍ ഭരണാധികാരിയായിരുന്നു. അവരെല്ലാവരും ഇസ്

ലാമിൽ വന്നിരുന്നു. ഇക്കാലത്ത് ബഹ്റയ്ൻ അല്ലെങ്കിൽ സൗദി അറേബ്യയെ അൽ അഹ്സാഅ് എന്നു പറയുന്നു. *(അറ്റ്ലസ് സീറത്തുന്നബി(സ)പേജ് 68)*

ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയുടെ അടയാളം ഇങ്ങനെയാണ്. അദ്ദേഹത്തിന്റെ പേര് അലാഅ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം യമന്റെ പ്രദേശമായ ഹളറമൗത്തുമായിട്ടായിരുന്നു. ഇസ്‌ലാമിന്റെ ആദ്യ കാലത്ത് ഇസ്‌ലാം സ്വീകരിച്ചു. ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയുടെ ഒരു സഹോദരൻ അംറ് ബിൻ ഹള്റമീ ഒരു മുസ്‌ലിം വധിച്ച ആദ്യത്തെ മുശ്‌രിക്കീങ്ങളിൽപ്പെട്ടയാളായിരുന്നു. അദ്ദേഹത്തിന്റെ ധനമായിരുന്നു അഞ്ചിലൊരു ഭാഗമെന്ന നിലയിൽ ഇസ്‌ലാമിൽ വന്ന ആദ്യത്തെ ധനം. ബദ്ർ യുദ്ധത്തിന്റെ അടിസ്ഥാനപരവും പെട്ടെന്നുണ്ടായ കാര്യഹേതുക്കളിലും വിവരിക്കപ്പെടുന്ന ഒരു കാരണം ഈ വധവുമാണെന്നാണ്. ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയുടെ ഒരു സഹോദരനായ ആമിർ ബിൻ ഹള്റമീ ബദ്റിന്റെ ദിവസം കുഫ്റിന്റെ അവസ്ഥയിൽ വധിക്കപ്പെട്ടു. നബി(സ)തിരുമേനി രാജാക്കന്മാർക്ക് തബ്‌ലീഗ് പരമായ കത്തുകൾ അയച്ചപ്പോൾ ബഹ്റയ്ൻ ഭരണാധികാരിയായ മുൻദിർ ബിൻ സാവായുടെ അടുത്ത് കത്തു കൊണ്ടു പോകാനുള്ള സേവനം, ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയെ ചുമതലപ്പെടുത്തി. അതിനുശേഷം നബി(സ)തിരുമേനി അദ്ദേഹത്തെ ബഹ്റയ്നിലെ ഉദ്യോഗസ്ഥനായി നിശ്ചയിച്ചു.

'ഹദ്റത്ത് അലാഅ് ബിൻ ഹള്റമി അദ്ദേഹത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ മുൻദിർ ബിൻ സാവാ ഇസ്‌ലാം സ്വീകരിച്ചു. മുൻദിറിന് ഇസ്‌ലാമിന്റെ സന്ദേശം കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു 'ഞാനിക്കാര്യത്തെ കുറിച്ച് ആലോചിക്കുകയും ചിന്തിക്കുകയും ചെയ്തു. എന്റെ കൈയിലെന്താണോ ഉള്ളത് അത് ദുൻയാവിനുവേണ്ടിയാണെന്ന് ഞാൻ കണ്ടു. ആഖിറത്തിനുവേണ്ടിയുള്ളതല്ല. അതായത് എന്തൊന്നാണോ എന്റെ കൈയിലുള്ളത് ഇത് ലൗകികജീവിതമാണ്. പരലോകത്തിനുവേണ്ടി ഞാൻ ഒരു തയ്യാറെടുപ്പും നടത്തിയിട്ടില്ല. ഞാൻ നിങ്ങളുടെ ദീനിനെ കുറിച്ച് ചിന്തിച്ചപ്പോൾ അതിനെ ദുൻയാവിനും ആഖിറത്തിനും ഫലപ്രദമായി കണ്ടു. അതുകൊണ്ട് ദീൻ സ്വീകരിക്കുന്നതിൽനിന്ന് ഒരു വസ്തുവിനും എന്നെ തടയാനാവില്ല. ഇസ്‌ലാമിന്റെ സത്യതയെ കുറിച്ച് എനിക്ക് ദൃഢവിശ്വാസമായി. ഈ ദീനിൽ ജീവിക്കണമെന്ന മോഹവും മരണത്തിന്റെ സൗഖ്യവുമുണ്ട്. പറഞ്ഞു: 'ഇന്നലെ ഞാൻ ഈ വിശ്വസിക്കുന്ന ആളുകളെ കണ്ട് അത്ഭുതപ്പെട്ടിരുന്നു. ഇന്ന് ഇതിനെ നിഷേധിക്കുന്നവരെ കണ്ട് അത്ഭുതം തോന്നുന്നു. അധ്യാപനത്തിന്റെ മനോഹാരിതയെ കുറിച്ച് എനിക്കറിയാൻ കഴിഞ്ഞു. അപ്പോൾ എന്റെ മുൻഗണന നല്കൽ മാറിപ്പോയി.' പറഞ്ഞു: 'നബി(സ)തിരുമേനി കൊണ്ടുവന്ന ശരീഅത്തിന്റെ മഹത്ത്വത്തിന്റെ തേട്ടമാണ് നബി(സ)തിരുമേനിയെ മഹത്ത്വപ്പെടുത്തുകയും ആദരിക്കുകയും ചെയ്യുക എന്നത്.

നബി(സ)തിരുമേനിയുടെ വഫാത്തുവരെ ഹദ്റത്ത് അലാഅ് ബഹ്റയ്നിലെ ഭരണാധികാരിയായിരുന്നു. പിന്നീട് ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തുകാലത്തും ഇതേ പദവിയിലായിരുന്നു. ഹദ്റത്ത് ഉമറും തന്റെ ഖിലാഫത്ത് കാലത്ത് അദ്ദേഹം മരിക്കുന്നതുവരെ അതേ പദവിയിൽ അദ്ദേഹത്തെ നിശ്ചയിച്ചുവെച്ചു. *(ഉസുദുൽഗാബ വാള്യം 4, പേജ് 71, ദാറുൽകുതുബുൽ ഇൽമിയ്യ 2016)(സയ്റുസ്സ്വഹാബ, വാള്യം 4, പേജ് 397-398)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ഡോക്ടർ അലി മുഹമ്മദ് സ്വലാബീ, ഉർദു തർജമ, പേജ് 339)*

ത്വബഖാത്ത് ഇബ്നു സഅ്ദ് അനുസരിച്ച് ഒരിക്കൽ ബഹ്റയ്ൻകാർ നബി(സ)തിരുമേനിയോടു ഹദ്റത്ത് അലാഅ് ബിൻ ഹള്റമീയെ കുറിച്ച് പരാതിപ്പെട്ടപ്പോൾ അവിടന്ന് അദ്ദേഹത്തെ ജോലിയിൽനിന്ന് ഒഴിവാക്കിയിരുന്നു. ഹദ്റത്ത് അബ്വാൻ ബിൻ സയീദ് ബിൻ ആസ്വിനെ ഭരണാധികാരിയാക്കിയിരുന്നു. *(ത്വബഖാത്ത് ഇബ്നു സഅ്ദ് വാള്യം 4, പേജ് 266, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)*

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അവിടെ മതപരിത്യാഗവും കലാപവും പടർന്നപ്പോൾ ഹദ്റത്ത് അബ്വാൻ മദീനയിൽ തിരിച്ചുവന്നു. ഇദ്ദേഹം ഉദ്യോഗം ഉപേക്ഷിച്ചു. ഹദ്റത്ത് അബൂബക്ർ അദ്ദേഹത്തെ വീണ്ടും ബഹ്റയ്ൻ അയക്കാനാഗ്രഹിച്ചപ്പോൾ, നബി(സ)തിരുമേനിക്കു ശേഷം ഇനി ആരുടേയും ഉദ്യോഗസ്ഥനാകുകയില്ലെന്ന് പറഞ്ഞ് ഖേദം പ്രകടിപ്പിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)ഹദ്റത്ത് അലാഅ ബിൻ ഹളറമീയെ ബഹ്റയ്നിലെ ഭരണാധികാരിയാക്കി അയച്ചു. അതിൽ അദ്ദേഹം വഫാത്തുവരെ നിലനിന്നു.

ഹദ്റത്ത് അലാഅ്(റ) ദുആകൾ സ്വീകരിക്കപ്പെടുന്നതിൽ പ്രസിദ്ധനായിരുന്നു. അദ്ദേഹത്തെ കുറിച്ച് വിവിധ നിവേദനങ്ങൾ വരുന്നുണ്ട്. ഹദ്റത്ത് അബൂഹുറയ്റ(റ) അദ്ദേഹത്തിന്റെ വിശേഷഗുണങ്ങളും ദുആകൾ സ്വീകരിക്കപ്പെടുന്നതും സംബന്ധിച്ച് പറയാറുണ്ടായിരുന്നു, ഞാൻ അദ്ദേഹത്തിൽ വളരെ ആകർഷിതനാണ്. നിവേദനങ്ങളിൽ വിവരിക്കുന്നു. ഒരുപാടു കാര്യങ്ങൾക്കു പുറമെ ഇതും ഉണ്ടായിരുന്നു. ഒരിക്കൽ മദീനയിൽനിന്ന് ബഹ്റയ്നിൽ പോകുക എന്ന ഉദ്ദേശ്യത്തോടെ പുറപ്പെട്ടു. വഴിയിൽവെച്ച് വെള്ളം തീർന്നു. അദ്ദേഹം അല്ലാഹുവിനോടു ദുആ ചെയ്തപ്പോൾ എന്താണ് കണ്ടത്? മണ്ണിന്റെ അടിയിൽനിന്ന് ഒരു അരുവി പുറപ്പെടുകയും ഞങ്ങളെല്ലാവരും വയറുനിറയെ കുടിക്കുകയും ചെയ്തു.

വീണ്ടും ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു:'ഞാൻ അലാഅ്ന്റെ കൂടെ ബഹ്റയ്നിൽനിന്ന് സൈന്യത്തോടൊപ്പം ബസ്വറയുടെ ഭാഗത്തേക്ക് പുറപ്പെട്ടു. ഞങ്ങൾ 'ലയാസു'ലിൽ ആയിരിക്കുമ്പോൾ അദ്ദേഹം വഫാത്തായി. ലയാസ്, തമീം ഗോത്രക്കാരുടെ പ്രദേശത്തുള്ള ഒരു ഗ്രാമത്തിന്റെ പേരാണ്. ഞങ്ങൾ വെള്ളമില്ലാത്ത സ്ഥലത്താണുണ്ടായിരുന്നത്. അല്ലാഹു ഞങ്ങൾക്കുവേണ്ടി ഒരു കാർമേഘത്തിന്റെ കഷണം വെളിപ്പെടുത്തി. അതു ഞങ്ങളിൽ പെയ്തു. ഞങ്ങൾ അദ്ദേഹത്തെ കുളിപ്പിച്ചു. ഞങ്ങളുടെ വാളുകൾകൊണ്ട് അദ്ദേഹത്തിന് ഖബർ കുഴിച്ചു. ഞങ്ങൾ അദ്ദേഹത്തിനുവേണ്ടി ലഹദ് കുഴിച്ചിരുന്നില്ല. എന്നിട്ട് ഞങ്ങൾ തിരിച്ചുവന്നു. കുറച്ചുനാളുകൾക്കുശേഷം ലഹദ് കുഴിക്കുന്നതിനു തിരിച്ചുചെന്ന് നോക്കിയപ്പോൾ അദ്ദേഹത്തിന്റെ ഖബറിന്റെ സ്ഥലം കണ്ടില്ല.'*(ത്വബഖാത്ത് ഇബ്നുസഅ്ദ്, (മുത്തർറജിം), വാള്യം 4, പേജ് 375,377, പ്രസാധകർ നഫീസ് അക്കാഡമി കറാച്ചി)(അൽഅഅ്ലാം ലിസർക്കിലി, വാള്യം 4, പേജ് 245, പ്രസാധനം ദാറുൽഇൽമ് 2002)*

അദ്ദേഹത്തിന്റെ വഫാത്തിനെ സംബന്ധിച്ചും വിഭിന്നാഭിപ്രായങ്ങളുണ്ട്. ചിലരുടെ പക്കൽ അദ്ദേഹം വഫാത്തായത് ഹിജ്റ 14-ലാണ്. ചിലർ പറയുന്നത് ഹിജ്റ 21-ലാണെന്നാണ്.*(ഉസുദുൽഗാബ വാള്യം 4, പേജ് 71, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ബഹ്റയ്ന്റെ അവസ്ഥകളെ കുറിച്ച് പ്രസ്താവന വരുന്നുണ്ട്. ഹീറ രാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു ബഹ്റയ്ൻ. ഹീറ, കിസ്റാ രാജാക്കന്മാരുടെ അധീനത്തിലായിരുന്നു. ഹീറ ഇസ്‌ലാമിനുമുമ്പേ ഇറാഖ് രാജാക്കന്മാരുടെ രാജധാനിയായിരുന്നു. ബഹ്റയ്നിന്റെ തീരദേശപരവും വാണിജ്യപരവുമായ നഗരങ്ങളിൽ കൂടിക്കലർന്ന ജനവാസമാണുണ്ടായിരുന്നത്. ഫാർസികളുമുണ്ടായിരുന്നു, ക്രൈസ്തവരുമുണ്ടായിരുന്നു. യഹൂദികളുമുണ്ടായിരുന്നു. ജാട്ടുകളുമുണ്ടായിരുന്നു. അറ

ശേഷം പേജ് 9 ൽ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുളളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

## ഖുത്ബ ജുമുഅ

**അല്ലാഹു നിങ്ങൾക്കുവേണ്ടി ശയ്ത്വാന്മാരുടെ സംഘങ്ങളെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. യുദ്ധത്തെ സമുദ്രത്തിൽ തള്ളിയിട്ടിരിക്കുന്നു. അവൻ മുമ്പേ കരയിൽ നിങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചു കഴിഞ്ഞിട്ടുണ്ട്. ആ ദൃഷ്ടാന്തങ്ങൾ മുഖേന സമുദ്രത്തിലും നിങ്ങൾ പാഠം പഠിക്കുന്നതിന്! നിങ്ങളുടെ ശത്രുവിലേക്ക് പോകുക. സമുദ്രത്തെ പിളർത്തിക്കൊണ്ട് അവരുടെ അടുത്തേക്ക് മുന്നേറുക. കാരണം അല്ലാഹു അവരെ നിങ്ങൾക്കുവേണ്ടി ഒരുമിച്ച് കൂട്ടിയിരിക്കുകയാണ്.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

**ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)ന്റെ ഖിലാഫത്തു കാലത്ത് നടന്ന മതപരിത്യാഗികൾക്കും കലാപകാരികൾക്കും എതിരെ ഉണ്ടായ ഒമ്പതും പത്തും യുദ്ധ നടപടികളുടെ വിശദമായ ചർച്ച**

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ തഫ്സീറിന്റെ വെളിച്ചത്തിൽ ഹദ്റത്ത് മൂസായുടെ ഹിജ്റത്തിന്റെ നേരത്ത് സമുദ്രം പിളർന്ന ദിവ്യദൃഷ്ടാന്തത്തെ കുറിച്ചുള്ള വിവരണം**

**ബഹ്റയ്നിന്റേയും യമന്റേയും പ്രദേശങ്ങളിൽ മുസ്‌ലിം സൈന്യത്തിന് മതപരിത്യാഗികളുടേയും കലാപകാരികളുടേയുംമേലുണ്ടായ ഗംഭീരമായ വിജയങ്ങളുടെ ചർച്ച**

**ബുർക്കിനോ ഫാസോയിലെ Dicko സക്കിരിയ സാഹിബ് ശഹീദിനേയും Dicko മൂസാ സാഹിബ് ശഹീദിനേയും, മുഹമ്മദു യൂസുഫ് ബുലൂച്ച് സാഹിബ് ഓഫ് ബസ്തി സ്വാദിഖ്പൂർ ഉമർകോട്ടിനേയും അസീസ മുബാറസ ഫാറൂഖ്(വാഖ്ഫ നൗ)റബ്വയേയും ആനൂസ്മാനാ ഒവാട്ടാറ(Aanzumana Ouattara)സാഹിബിനേയും(മുഅല്ലിം ഐവറികോസ്റ്റ്) കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ 2022 ജൂലായ് 01/1401 വഫാ 1, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ(റ)ന്റെ കാലഘട്ടത്തിലെ മതപരിത്യാഗികൾക്കും കലാപകാരികൾക്കുമെതിരിൽ നടന്ന യുദ്ധ നടപടിയെ കുറിച്ചാണ് പറഞ്ഞുവന്നത്. ഇതുസംബന്ധമായി ഒമ്പതാമത്തെ യുദ്ധ നടപടിയായിരുന്നു വിവരിച്ചിരുന്നത്. അത് ബഹ്റയ്നെ കുറിച്ചായിരുന്നു. ഇതുസംബന്ധമായി കൂടുതൽ വിവരണം ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയുടെ ഹുത്വമിന്റെ മേലുള്ള സൈനിക നടപടിയെ കുറിച്ചാണ്. എഴുതിയിരിക്കുന്നു ഹദ്റത്ത് അലാഅ്, ഹദ്റത്ത് ജാറൂദിന് കല്പന അയച്ചു, താങ്കൾ അബ്ദുൽഖയ്സ് ഗോത്രത്തേയും കൊണ്ട് ഹുത്വമിനെ നേരിടുന്നതിന് ഹജറിനോടു ചേർന്നുകിടക്കുന്ന പ്രദേശത്ത് പോയി താവളമടിക്കുക. ഹദ്റത്ത് അലാഅ്(റ)തന്റെ സൈന്യത്തോടൊപ്പം ഹുത്വമിന് നേരിടുന്നതിന് ആ പ്രദേശത്തുവന്നു. ദാരീനെ കൂടാതെ എല്ലാ ബഹുദൈവാരാധകരും ഹുത്വമിന്റെ അടുത്ത് സംഘടിച്ചു. ഇപ്രകാരം എല്ലാ മുസ്‌ലിമീങ്ങളും ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയുടെ അടത്തും സംഘടിച്ചു. ഇരുകൂട്ടരും അവരവരുടെ മുമ്പിൽ കിടങ്ങു കുഴിച്ചു. അവർ നിത്യവും തങ്ങളുടെ കിടങ്ങ് കടന്ന് ശത്രുക്കളുടെമേൽ ആക്രമണം നടത്തുകയും യുദ്ധത്തിനുശേഷം പിന്നീട് കിടങ്ങിന്റെ പിന്നിലേക്ക് മാറുകയും ചെയ്തിരുന്നു. ഒരു മാസം യുദ്ധത്തിന്റെ അവസ്ഥ ഇതായിരുന്നു. ഇതിന്നിടയിൽ ഒരു രാത്രി മുസ്‌ലിമീങ്ങൾ ശത്രുക്കളുടെ താവളത്തിൽനിന്ന് ശക്തമായ ഒച്ചയും ബഹളവും കേട്ടു. ശത്രുവിനെ കുറിച്ചുള്ള വിവരം കൊണ്ടുവരാൻ ആരെങ്കിലുമുണ്ടോ എന്ന് ഹദ്റത്ത് അലാഅ് ചോദിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹദ്ഫ് പറഞ്ഞു:'ഞാൻ ഈ ജോലിക്കുവേണ്ടി പോകുകയാണ്.' അദ്ദേഹം തിരിച്ചുവന്ന് പറഞ്ഞു, 'നമ്മുടെ ഹരീഫ് മദ്യത്തിൽ മത്തരായിരിക്കുന്നു. മദ്യലഹരിയിൽ ബഹളം കൂട്ടുകയാണ്. ഈ കോലാഹലങ്ങളെല്ലാം അതിന്റേതാണ്.'

ഇതുകേട്ടപ്പോൾ മുസ്‌ലിമീങ്ങൾ ക്ഷണത്തിൽ ശത്രുവിന്റേമേൽ ആക്രമണം നടത്തി. അവരുടെ താവളത്തിൽ തള്ളിക്കയറി അവരെ വധിക്കാൻ തുടങ്ങി. അവർ തങ്ങളുടെ കിടങ്ങിന്റെ ഭാഗത്തേക്ക് ഓടിപ്പോയി. ഒരുപാടാളുകൾ അതിൽവീണു നശിച്ചു. ഒരുപാടാളുകൾ രക്ഷപ്പെടുകയും ചെയ്തു. ഒരുപാടാളുകൾ ഭയന്നു പരിഭ്രമിച്ചു. ചിലർ വധിക്കപ്പെട്ടു. അല്ലെങ്കിൽ തടവിലാക്കപ്പെട്ടു. മുസ്‌ലിമീങ്ങൾ അവരുടെ താവളത്തിലെ എല്ലാ വസ്തുവിന്റേയുംമേൽ ആധിപത്യം സ്ഥാപിച്ചു. ആർക്കാണോ രക്ഷപ്പെട്ട് ഓടിപ്പോകാൻ കഴിഞ്ഞത് അവരുടെ ശരീരത്തിലുണ്ടായിരുന്നത് മാത്രമെ അവർക്ക് കൊണ്ടുപോകാൻ കഴിഞ്ഞുള്ളു. എന്നല്ല അബ്ജർ ജീവനുംകൊണ്ടോടിപ്പോയി. ഹുത്വമിന്റെ പേടിയും ഭയവും എങ്ങനെയായിരുന്നുവെന്നാൽ അയാളുടെ ശരീരത്തിൽ ജീവനില്ലാത്തപോലെയായി. അയാൾ തന്റെ കുതിരയുടെ അടുത്തേക്കോടി. അപ്പോൾ മുസ്‌ലിമീങ്ങൾ ബഹുദൈവാരാധകരുടെ നടുവിൽ വന്നു കഴിഞ്ഞിരുന്നു. തന്റെ പരിഭ്രമത്തിൽ ഹുത്വം സ്വയം മുസ്‌ലിമീങ്ങളിൽനിന്ന് ഓടി കുതിരപ്പുറത്ത് പോകാനൊരുങ്ങി. അയാൾ പാദഗ്രഹണിയിൽ കാലു വെച്ചുടനെ അത് പൊട്ടിപ്പോയി. ഹദ്റത്ത് ഖയ്സ് ബിൻ ആസിം അയാളെ നരകത്തിലേക്ക് അയച്ചു. അന്യാരാധകരുടെ താമസസ്ഥലത്തെ എല്ലാ വസ്തുക്കളും പിടിച്ചെടുത്ത ശേഷം മുസ്‌ലിമീങ്ങൾ അവരുടെ കിടങ്ങിലൂടെ കടന്ന് അവരെ പിന്തുടർന്നുപോയി. ഹദ്റത്ത് ഖയ്സ് ബിൻ ആസിം, അബ്ജറിന്റെ അടുത്തെത്തി. എന്നാൽ, അബ്ജറിന്റെ കുതിര ഹദ്റത്ത് ഖയ്സിന്റെ കുതിരയെക്കാൾ കൂടുതൽ ശക്തിയുള്ളതായിരുന്നു. തന്റെ പിടിയിൽനിന്ന് അത് പുറത്തുപോകുമോ എന്ന് ശങ്കിച്ചു. അദ്ദേഹം അബ്ജറിന്റെ കുതിരയുടെ പുറത്ത് കുന്തംകൊണ്ട് കുത്തി. അതുകൊണ്ട് കുതിരയ്ക്ക് പരിക്കേറ്റു. എന്തായാലും എഴുതിയിരിക്കുന്നു, അബ്ജർ ഓടിപ്പോയി. അദ്ദേഹത്തിന് പിടിക്കാൻ കഴിഞ്ഞില്ല. ഒരു നിവേദനത്തിലുണ്ട്, ഹദ്റത്ത് ഖയ്സ് ബിൻ ആസിം അബ്ജറിന്റെ തലയിൽ അടിച്ചു.അതയാൾക്ക് മുറിവേല്പിച്ചു. അതിനുശേഷം ഹദ്റത്ത് ഖയ്സ് വീണ്ടും വെട്ടി. അയാൾ രക്തത്തിൽ കുളിച്ചുപോയി.*(താരീഖ് അത്ത്വബരി വാള്യം 2, പേജ്288-289, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ 2012)(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 227, ദാറുൽകുതുബുൽ*

*ഇൽമിയ്യ ബെയ്റുത്ത് ലബ്നാൻ 2003) (കിതാബുർറദ്ദ ലിൽവാഖ്ദി, പേജ് 163, ദാറുൽഗർബുൽഇസ്‌ലാമീ 1990)*

രാവിലെ ഹ്ദറത്ത് അലാഅ് യുദ്ധത്തിൽ കൈവന്ന മുതലുകൾ മുജാഹിദീങ്ങളിൽ വിതരണം ചെയ്തു. യുദ്ധത്തിൽ പ്രത്യേകിച്ചും ധീരത കാണിച്ചവർക്ക് മൃതിയടഞ്ഞ നേതാക്കന്മാരുടെ വിലപിടിച്ചവസ്ത്രങ്ങളും നല്കി. ഹദ്റത്ത് അഫീഫ ബിൻ മുൻദിർ(റ), ഹദ്റത്ത് ഖയ്സ് ബിൻ ആസിം(റ), ഹദ്റത്ത് ഥുമാമ ബിൻ ഉഥ് ഥാൽ(റ) എന്നിവർക്കാണ് വസ്ത്രങ്ങൾ നല്കിയത്. ഥുമാമയ്ക്ക് നല്കപ്പെട്ട വസ്ത്രം, അവയിൽ ഹുത്വമിന്റെ ഒരു കറുത്തനിറമുള്ള ചിത്രവേല ചെയ്ത വിലപിടിച്ച നീളക്കുപ്പായവും ഉണ്ടായിരുന്നു. അത് അണിഞ്ഞുകൊണ്ട് അദ്ദേഹം വളരെ അഭിമാനത്തോടും ഗർവോടുംകൂടി നടക്കാറുണ്ടായിരുന്നു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ്289, ദാറുൽകുതുബുൽഇൽമിയ്യ ലെബ്നാൻ 2012)*

ഈ യുദ്ധനടപടിയുടെ വിജയവാർത്തയെ കുറിച്ചുള്ള വിവരം ഹദ്റത്ത് അബൂബക്റിന് നല്കപ്പെട്ടു. ഹ്ദറത്ത് അലാഅ് തന്റെ ഒരു കത്തിൽ ഹദ്റത്ത് അബൂബക്റിനെ കിടങ്ങുകാരുടെ പരാജയവും ഹുത്വമിന്റെ വധവും സംബന്ധിച്ച് വിവരം അറിയിച്ചു. ഇയാളെ സയ്ദും മുഅ്മറുമാണ് വധിച്ചത്. അതിലെഴുതി അമ്മാ ബഅ്ദ് അല്ലാഹു നമ്മുടെ ശത്രുക്കളുടെ ബുദ്ധി അപഹരിച്ചു കളഞ്ഞു. അവരുടെ ശക്തി അവർ പകൽ സമയത്ത് കുടിച്ച ആ മദ്യം മുഖേന തീർത്തു കളഞ്ഞു. ഞങ്ങൾ കിടങ്ങ് കടന്ന് അവരിൽ തള്ളിക്കയറി. ഞങ്ങൾ അവരെ ലഹരിയിൽ കണ്ടു. കുറച്ചാളുകളൊഴികെ ബാക്കയെല്ലാവരേയും ഞങ്ങൾ വധിച്ചു. അല്ലാഹു ഹ്ത്വമിന്റെ കഥയും കഴിച്ചു. *(താരീഖ് അത്ത്വബരി വാള്യം 2, പേജ്290-291, ദാറുൽകുതുബുൽഇൽമിയ്യ ലെബ്നാൻ 2012)*

ഹജറിന്റേയും അതിന്റെ ചുറ്റുവട്ടത്തുള്ള സ്ഥലങ്ങളുടേയുംമേൽ ഹദ്റത്ത് അലാഅ് ആധിപത്യം സ്ഥാപിച്ചു. പക്ഷേ, തദ്ദേശീയരായ ഒരുപാട് പാർസികൾ പുതിയ സർക്കാറിനെ എതിർത്തു. അവർ ഭൂരിഭാഗവും ജനങ്ങളിൽ വിദ്വേഷമുണ്ടാക്കുകയും ഏതു നിമിഷവും മദീനയിലെ ഭരണം അട്ടിമറിക്കപ്പെടുമെന്നുള്ള വാർത്ത പ്രചരിപ്പിക്കുകയും ചെയ്തു. മഫ്റൂഖ് ശയ്ബാനീ തന്റെ ജനതയായ ഥഅ്ലബിന്റേയും നമിറിന്റേയും സൈന്യങ്ങളേയുമെടുത്ത് വരികയാണ്. ഹദ്റത്ത് അബൂബക്ർ(റ)ന് ഇക്കാര്യം അറിയാൻ കഴിഞ്ഞു. അപ്പോൾ അദ്ദേഹം ഹദ്റത്ത് അലാഅ്നെഴുതി: അന്വേഷണത്തിൽനിന്ന് ബനൂ ശയ്ബാൻ ബിൻ ഥഅ്ലബ-ഇതിന്റെ നേതാവ് മഫ്റൂഖ് ആയിരുന്നു-നിങ്ങളുടെമേൽ ആക്രമണം നടത്താൻ പോകുകയാണ്. ക്ഷുദ്ര ശക്തിൾ ഈ വാർത്ത പ്രചരിപ്പിച്ചുകൊണ്ടിരുക്കുന്നു. അവരെ അടിച്ചമർത്താൻ സൈന്യത്തെ അയക്കണം. അവരെ വിപാടനം ചെയ്യണം. അവരുടെ പിന്നിലുള്ള ഗോത്രങ്ങളെ എങ്ങനെ ഭയപ്പെടുത്തണമെന്നാൽ പിന്നീടൊരിക്കലും തലയുയർത്താൻ ഉത്സാഹമുണ്ടാകരുത്.' *(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരിഖുത്വൂത്, പേജ് 49, അദാര ഇസ്‌ലിമിയാത്ത് ലാഹോർ)(താരീഖ് അത്ത്വബരി വാള്യം 2, പേജ്290-291, ദാറുൽകുതുബുൽഇൽമിയ്യ ലെബ്നാൻ 2012)*

മതപരിത്യാഗികൾ ദാരിയീനിൽ സംഘടിച്ചു. ഇതുസംബന്ധമായി ചില ചരിത്രകാരന്മാർ എഴുതിയിരിക്കുന്നു. ദാരിയീനിലെ യുദ്ധം ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തു കാലത്ത് നടന്നതായി വിവരിക്കപ്പെടുന്നു. പക്ഷേ, ചില ചരിത്രകാരന്മാർ ദാരിയീനിലെ യുദ്ധം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്ത് നടന്നതായി എഴുതുന്നുണ്ട്. എന്തായാലും മുർത്തദ്ദീങ്ങളുടം സംഗമം ഇവിടെ നടന്നു.*(താരീഖ് അത്ത്വബരി വാള്യം 2, പേജ് 285, ദാറുൽകുതുബുൽഇൽമിയ്യ ലെബ്നാൻ 2012) (ഫുതൂഹുൽബുൽദാൻ പേജ് 117, മുഅസ്സസത്തുൽമആരിഫ്, ബെയ്റുത്ത് 1987)*

ദാരിയീൻ പേർഷ്യൻ ഉൾക്കടലിലെ ഒരു ദ്വീപാണ്. അത് ബഹ്റയിനിന്റെ നേരെ എതിർഭാഗത്ത് കുറച്ചു മൈൽ ദൂരത്ത് സ്ഥിതിചെയ്യുന്നു. അവിടെ ആദ്യംമുതലെ ക്രൈസ്തവ കുടുംബങ്ങളാണ് താമസിച്ചിരുന്നത്. ഹദ്റത്ത് അലായിൽനിന്ന് പരാജയം ഏറ്റുവാങ്ങിയ ശേഷം രക്ഷപ്പെട്ടവർ പരാജയപ്പെട്ട കലാപകാരികളുടെ ഒരു വലിയ ഭാഗം വഞ്ചികളിൽ ഇരുന്ന് ദാരിയീനിലേക്ക് പോയി. മറ്റുള്ളവർ അവരവരുടെ ഗോത്രങ്ങളുടെ പ്രദേശങ്ങളിൽ തിരിച്ചുപോയി. ഹദ്റത്ത് അലാഅ് ബിൻ ഹള്റമീ, ബക്ർ ബിൻ വാഇൽ ഗോത്രത്തിലെ ഇസ്‌ലാമിൽ അടിയുറച്ചുനിന്നവർക്ക് അവരോടു പോരാടാൻ എഴുതി. അതുപോലെതന്നെ ഉത്തയബ ബിൻ നഹ്ഹാസിനും ഹദ്റത്ത് ആമിർ ബിൻ അബ്ദുൽ അസ്‌വദിനും നിങ്ങൾ ഉള്ളിടത്തുതന്നെ നിലകൊള്ളാൻ കല്പന കൊടുത്തു. എല്ലാ വഴികളിലും മതപരിത്യാഗികളെ നേരിടുന്നത് കാവൽ ഏർപ്പെടുത്തുക. ഇപ്രകാരം തന്നെ അദ്ദേഹം ഹദ്റത്ത് മിസ്മഅ്നോടു സ്വയം മുന്നോട്ടുകയറി മതപരിത്യാഗികളെ നേരിടാൻ കല്പിച്ചു. അദ്ദേഹം ഹദ്റത്ത് ഖസ്ഫ തയ്മിയോടും ഹദ്റത്ത് മുഥന്നാ ബിൻ ഹാരിഥ ശയ്ബാനിയോടും ആ മതപരിത്യാഗികളെ നേരിടാൻ കല്പിച്ചു. ബഹ്റയ്നിൽ മതപരിത്യാഗത്തിന്റെ അഗ്നി അണയ്ക്കുന്നതിന് മുഥന്നാ ബിൻ ഹാരിഥ വലിയ പങ്കാണ് വഹിച്ചത്. അദ്ദേഹം തന്റെ സൈന്യത്തോടൊപ്പം ഹദ്റത്ത് അലാഅ ബിൻ ഹള്റമിയോടൊപ്പം നിന്നു. ബഹ്റയ്നിൽനിന്ന് വടക്കു ഭാഗത്തേക്ക് പുറപ്പെട്ടു. അദ്ദേഹം ഖത്വീഫിനേയും ഹജറിനേയും കീഴടക്കി. തന്റെ ഈ ദൗത്യത്തിൽ മുഴുകിയിരുന്നു. എത്രത്തോളമെന്നാൽ പേർഷ്യൻ സൈന്യത്തിന്റേയും അവരുടെ കാര്യങ്ങൾ നോക്കിനടത്തുന്നവരുടേയുംമേൽ വിജയം വരിച്ചു. അവർ ബഹ്റയ്നിലെ മതപരിത്യാഗികളെ സഹായിച്ചവരായിരുന്നു. മതപരിത്യാഗികളുമായി പോരാടുന്നതിന് ഇസ്‌ലാമിൽ ഉറച്ചുനിന്നവരുമായി ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയോടൊപ്പം ചേർന്നു. തീരത്തോടു ചേർന്ന് വടക്കുഭാഗത്ത് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ഹദ്റത്ത് അബൂബക്ർ(റ), ഹദ്റത്ത് മുഥന്നാ ബിൻ ഹാരിഥ ശയ്ബാനിയെ കുറിച്ച് ചോദിച്ചപ്പോൾ ഹദ്റത്ത് ഖയ്സ് ബിൻ ആസിം പറഞ്ഞു:ഇയാൾ അപരിചിതനായ വംശവും കുലവുമൊന്നും അറിയപ്പെടാത്ത മാന്യനല്ലാത്ത വ്യക്തിയൊന്നുമല്ല. അദ്ദേഹം മുഥന്നാ ബിൻ ഹാരിഥ ശയ്ബാനിയാണ്. അങ്ങനെ മുഥന്നാ ബിൻ ഹാരിഥ ശയ്ബാനി മതപരിത്യാഗികളെ തടയുന്നതിനുവേണ്ടി വഴികളുടെ പ്രവേശന സ്ഥലത്ത് നിന്നു. മതപരിത്യാഗികളിൽ ചിലർ പശ്ചാത്തപിക്കുകയും ഇസ്‌ലാം സ്വീകരിക്കുകയും അത് അംഗീകരിക്കുകയും ചെയ്തു. ചിലർ പശ്ചാത്തപിക്കുന്നത് നിഷേധിച്ചു. മതപരിത്യാഗത്തിൽ നിർബന്ധം പിടിച്ചുനിന്നു. അവർ അവരുടെ പ്രദേശത്ത് പോകുന്നത് തടയപ്പെട്ടു. അതുകൊണ്ട് അവർ വന്ന വഴിയിലൂടെ മടങ്ങി. അവരും വഞ്ചികളിലൂടെ ദാരിയീനിലെത്തി. ഇപ്രകാരം അവരെയെല്ലാവരേയും അല്ലാഹു ഒരിടത്ത് ഒരുമിച്ചുകൂട്ടി. ഹദ്റത്ത് അലാഅ് അപ്പോഴും ബഹുദൈവവിശ്വാസികളുടെ സൈന്യത്തിൽത്തന്നെ നില്ക്കുകയായിരുന്നു. അവരുടെ അടുത്തുള്ള ബക്ർ ബിൻ വാഇലിന് അദ്ദേഹം കത്തെഴുതിയിരുന്നു ആ കത്തുകൾക്ക് മറുപടി കിട്ടി. അവർ അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുമെന്നും അവന്റെ ദീനിനെ സഹായിക്കുമെന്നും അദ്ദേഹത്തിന് ബോധ്യമായി. ഹദ്റത്ത് അലാഅ്ന് അവരെക്കുറിച്ചുള്ള വിവരം കിട്ടുകയും അതായത് അവർ മുസ്‌ലിമീങ്ങളാണെന്നും കലാപമുണ്ടാക്കുന്നില്ലെന്നും ലഹള ഉണ്ടാക്കുകയില്ലെന്നും അദ്ദേഹത്തിന് ഉറപ്പായി. അവർ പോയതിനുശേഷം പിന്നാലെ ബഹ്റയിൻ കാരിൽനിന്ന് അനിഷ്ടകരമായ സംഭവങ്ങൾ ഒന്നും ഉണ്ടാകുകയില്ലെന്ന് കണ്ടപ്പോൾഅദ്ദേഹം പറഞ്ഞു:'ഇപ്പോൾ എല്ലാ മുസ്‌ലിമീങ്ങളും ദാരിയീനിലേക്ക് പോകേണ്ടതാണ്. ദാരിയീനിലേക്ക് ഗമിക്കാൻ അവരെ ക്ഷണിച്ചു.'

ഈ സംഭവത്തിന്റെ വിശദീകരണം പിന്നാലെ വരുന്നതായിരിക്കും. ഈ സംഭവം ഏതു രീതിയിലാണോ വിവരിക്കപ്പെട്ടിട്ടുള്ളത് അതു നോക്കുമ്പോൾ, സമുദ്രം കടന്ന സംഭവം അസംഭാവ്യമായി കാണുന്നു. എന്തായാലും ഇതിലെന്തെങ്കിലും സത്യമുണ്ടാകാനും സാധ്യതയുണ്ട്. അതിശയോക്തിപരമായും കുറച്ചു പ്രവർത്തിച്ചിട്ടുണ്ടാകും. ഇനി ഇതിലെന്തെങ്കിലും സത്യമുണ്ടെങ്കിൽ അതിന്റെ വിശദീകരണമെന്താണ്? ഇതിന്റെ വിശദീകരണം അവസാനം വിവരിക്കുന്നതാണ്. എന്തായാലും പറയുന്നു: യാത്രചെയ്ത് ആ ദ്വീപുവരെ എത്താൻ മുസ്‌ലിമീങ്ങളുടെ കൈയിൽ വഞ്ചികൾ തുടങ്ങിയവ ഉണ്ടായിരുന്നില്ല. ഇതുകണ്ട് ഹദ്റത്ത് അലാഅ് ബിൻ ഹള്റമീ എഴുന്നേറ്റുനിന്നു. ജനങ്ങളെ സംഘടിപ്പിച്ച് അവരുടെ മുമ്പിൽ പ്രസംഗിച്ചു. അതിൽ പറഞ്ഞു:അല്ലാഹു നിങ്ങൾക്കുവേണ്ടി ശയ്ത്വാന്മാരുടെ സംഘങ്ങളെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. യുദ്ധത്തെ സമുദ്രത്തിൽ തള്ളിയിട്ടിരിക്കുന്നു. അവൻ മുമ്പേ കരയിൽ നിങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചു കാഴിഞ്ഞിട്ടുണ്ട്. ആ ദൃഷ്ടാന്തങ്ങൾ മുഖേന സമുദ്രത്തിലും നിങ്ങൾ പാഠം പഠിക്കുന്നതിന്! നിങ്ങളുടെ ശത്രുവിലേക്ക് പോകുക. സമുദ്രത്തെ പിളർത്തിക്കൊണ്ട് അവരുടെ അടുത്തേക്ക്

മുന്നേറുക. കാരണം അല്ലാഹു അവരെ നിങ്ങൾക്കുവേണ്ടി ഒരുമിച്ച് കൂട്ടിയിരിക്കുകയാണ്.

അവരെല്ലാവും മറുപടി നല്കി, അല്ലാഹു വാണ! ഞങ്ങൾ അങ്ങനെത്തന്നെ ചെയ്യുന്നതാണ്. ദഹ് നാ താഴ് വരയിലെ ദിവ്യ ദൃഷ്ടാന്തം കണ്ടതിനുശേഷം ഞങ്ങൾ ഝീവിച്ചിരിക്കുവോളം അവരെ ഭയപ്പെടുകയില്ല. ത്വബരിയിലാണ് ഈ നിവേദനം എഴുതിയിട്ടുള്ളത്. ആ ദിവ്യദൃഷ്ടാന്തം മുമ്പേ വിവരിച്ചു കഴിഞ്ഞിരിക്കുന്നു. അതിൽ മുസ് ലിമീങ്ങളുടെ ഓടിപ്പോയ ഒട്ടകങ്ങളും തിരിച്ചുവന്നിരുന്നു. വെള്ളത്തിന്റെ അരുവിയും പുറപ്പെട്ടിരുന്നു. അതിനെക്കുറിച്ച് അവർ തെളിവുകൾ നല്കി. അവർ പറഞ്ഞു: ആ ദൃഷ്ടാന്തം ഞങ്ങൾ കണ്ടുകഴിഞ്ഞു. അതുകൊണ്ട് സമുദ്രത്തിന്റെ മീതെയുള്ള ഈ ദൃഷ്ടാന്തവും ഞങ്ങൾ കാണുന്നതായിരിക്കും. ഹദ്റത്ത് അലായും എല്ലാ മുസ്‌ലിമീങ്ങളും ആ സ്ഥലത്തുനിന്ന് പുറപ്പെട്ട് സമുദ്രതീരത്തു വന്നു. ഹദ്റത്ത് അലായും അദ്ദേഹത്തിന്റെ കൂട്ടുകാരും അല്ലാഹുവിനോടു ഇങ്ങനെ ദുആ ചെയ്യുകയായിരുന്നു. യാ അർഹമർറാഹിമീന യാ കരീമു യാ ഹലീമു യാ അഹദു യാ സ്വമദു യാ ഹയ്യു യാ മുഹ്‌യിയൽമൗത്തി യാ ഹയ്യു യാ ഖയ്യൂമു ലാഇലാഹ ഇല്ലാ അൻത യാ റബ്ബനാ അല്ലയോ കരുണചെയ്യുന്നവരിൽ ഏറ്റവും കൂടുതൽ കരുണ ചെയ്യുന്നവനേ! കരീമായുള്ളോവേ! അങ്ങേയറ്റം ദയാലുവായുള്ളോവേ! ഏകനായുള്ളോവേ!സർവാധിനാഥനായുള്ളോവേ!ജീവിച്ചിരിക്കുന്നവനേ! മറ്റുള്ളവർക്ക് ജീവിതെ പ്രദാനം ചെയ്യുന്നവനേ! മറ്റുള്ളവരെ ജീവിപ്പിച്ചിരുത്തവനേ!മരിച്ചവരേ ജീവിപ്പിക്കുന്നവനേ! ജീവിച്ചിരിക്കുന്നവനും മറ്റുള്ളവർക്ക് ജീവൻ നല്കുന്നവനുമായുള്ളോവേ! നിലനില്ക്കുന്നവനും മറ്റുള്ളവരെ നിലനിറുത്തുന്നവനുമായുള്ളോവേ!ഞങ്ങളുടെ നാഥാ!നിന്നെക്കൂടാതെ ആരാധനയ്ക്കർഹൻ ആരുമില്ല.

എന്തായാലും വിവരിക്കപ്പെടുന്നത്, ഹദ്റത്ത് അലാഅ് സൈന്യത്തിലെ എല്ലാ ആളുകളോടും ഈ ദുആ ചെയ്തുകൊണ്ട് സമുദ്രത്തിൽ നിങ്ങളുടെ യാത്രാവാഹനങ്ങളിടുകയെന്ന് പറഞ്ഞു. അങ്ങനെ എല്ലാ മുസ്‌ലിമീങ്ങളും തങ്ങളുടെ നായകനായ ഹദ്റത്ത് അലാഅ് ബിൻ ഹള്റമീയെ പിൻപറ്റിക്കൊണ്ട് അദ്ദേഹത്തിന്റെ പിന്നാലെ തങ്ങളുടെ കുതിരകൾ, കഴുതകൾ, ഒട്ടകങ്ങൾ, തങ്ങളുടെ കോവർ കഴുതകളുടെമേൽ യാത്ര ചെയ്തുകൊണ്ട് അവയെ സമുദ്രത്തിലിട്ടു. പിന്നീട് അല്ലാഹുവിന്റെ ഖുദ്റത്ത്! ഒരു നഷ്ടവും കൂടാതെ ആ ഉൾക്കടലിന്റെ മറുകരകടന്നു. നേർത്ത് മണ്ണിന്റെമേൽ വെള്ളം തളിച്ച് അതിന്റെ മേലെ നടക്കുന്നതുപോലെയാണ് തോന്നിയത്. ഒട്ടകങ്ങളുടെ മുട്ടുവരെപോലും നനഞ്ഞിരുന്നില്ല. സമുദ്രത്തിൽ മുസ് ലിമീങ്ങളുടെ ഒരു വസ്തുവും കളഞ്ഞുപോയില്ല. ഒരു ചെറിയ ഭാണ്ഡം കാണാതായതിനെ കുറിച്ച് പറയുന്നുണ്ട്. അതും ഹദ്റത്ത് അലാഅ്[റ] എടുത്തുകൊണ്ടുവന്നു. എന്തായാലും കടൽത്തീരത്തുനിന്ന് ദാരിയീൻവരെ യാത്ര ചെയ്തതായി പറയപ്പെടുന്നു. വഞ്ചികളിലൂടെ ഒരു പകലും ഒരു രാത്രിയും യാത്രയാണ് താണ്ടാറുണ്ടായിരുന്നത്. പക്ഷേ, ഈ യാത്രാസംഘം ഒരു പകലിന്റെ വളരെ കുറച്ചു സമയം കൊണ്ട് ഈ ദൂരം താണ്ടുകയുണ്ടായി.*(താരീഖ് അത്ത്വബരി വാല്യം 2, പേജ് 289, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2012)(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, സ്വലാബീ പേജ് 2344-345, മക്തബ അൽഫുർഖാൻ മുളഫർഗഢ് ജില്ല, പാക്കിസ്താൻ)(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 241 -242, ഇസ്‌ലാമീ കുതുബ്ഖാന ലാഹോർ)*

താരീഖ് ത്വബരിയിൽ ഇപ്രകാരം അതിന്റെ തഫ്സീർ വിവരിക്കപ്പെട്ടിരിക്കുന്നു. പക്ഷേ, വർത്തമാന കാലത്തെ ചില എഴുത്തുകാർ സമുദ്രം കടന്ന ഈ സംഭവം സ്മരിച്ചുകൊണ്ടു പറയുന്നു:ആ നേരത്ത് പേർഷ്യൻ ഉൾക്കടലിൽ വേലിയിറക്കം വന്നതാകാൻ സാധ്യതയുണ്ട്. അല്ലെങ്കിൽ നിവേദനങ്ങളിൽ അതിശയോക്തി ഉണ്ടായിട്ടുണ്ടാകാം. യഥാർഥത്തിൽ മുസ്‌ലിമീങ്ങൾക്ക് തദ്ദേശവാസികൾ മുഖേന വഞ്ചികൾ കിട്ടിയിട്ടുണ്ടാകും. അതിൽ യാത്ര ചെയ്ത് അവർ കടൽ കടന്നിട്ടുണ്ടാകും. പക്ഷേ, നിവേദനങ്ങളിൽ ഈ വിശദീകരണത്തെ കുറിച്ച് എവിടേയും പറയുന്നില്ല. വിവിധയാളുകൾ ഈ നിവേദനം എഴുതിയിട്ടുണ്ട്. അവർ കടൽ കടന്ന കാര്യം പറയുന്നുണ്ട്. പക്ഷേ, മുസ്‌ലിമീങ്ങൾ ദാരിയീനിലെത്തി എന്നതിൽ സംശയമൊന്നുമില്ല.*(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ ഉർദു തർജമ പേജ് 242, ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ)* എങ്ങനെയെത്തി അത് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. ഇനിയുള്ളത് മുഅ്ജിസാത്തുകളെ കുറിച്ചാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] തന്റെ ഒരു തഫ്സീറിൽ ഹദ്റത്ത് മൂസാ[അ]ന്റെ സംഭവത്തെ വിവരിച്ചുകൊണ്ട് അടിസ്ഥാനപരമായ മാർഗദർശനം നല്കിയിരിക്കുന്നു. അതു ഞാൻ വിവരിക്കുകയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]ഹദ്റത്ത് മൂസാ[അ] യുടെ ഹിജ്റത്തിന്റെ നേരത്ത് സമുദ്രം പിളർന്ന സംഭവത്തിന്റെ തഫ്സീറും വിശദീകരണവും നല്കിക്കൊണ്ടു പറയുന്നു:

വിശുദ്ധ ഖുർആനിന്റെ വിവരണമനുസരിച്ച് സംഭവത്തിന്റെ അവസ്ഥ മനസ്സിലാകുന്നത് ബനീ ഇസ്റാഈൽ പരിശുദ്ധ ഭൂമിയിലേക്ക് പോകുക എന്നുദ്ദേശ്യത്തോടെ പോകുകയായിരുന്നു. പിന്നിലൂടെ ഫിർഔനിന്റെ സൈന്യം വന്നെത്തി. അവരെ കണ്ട് ബനീഇസ്റാഈൽ പരിഭ്രമിച്ചു. ഇനി പിടിക്കപ്പെടുമെന്ന് അവർ കരുതി. പക്ഷേ, അല്ലാഹു ഹദ്റത്ത് മൂസാ[അ] മുഖേന അവർക്ക് സമാധാനം നല്കി.ഹദ്റത്ത് മൂസായോടു പറഞ്ഞു:നിന്റെ വടി സമുദ്രത്തിൽ അടിക്കുക. അതിന്റെ ഫലമായി സമുദ്രത്തിൽ ഒരു വഴിയുണ്ടായി. അവർ അതിലൂടെ മുന്നോട്ടുപോയി. അവരുടെ ഇരുവശവും വെള്ളമായിരുന്നു.അത് മൺതിട്ട പോലെ അതായത് ഉയരത്തിൽ കാണപ്പെട്ടിരുന്നു. ഫിർഔനിന്റെ സൈന്യം അവരെ പിന്തുടർന്നു. എന്നാൽ, ബനീഇസ്റാഈൽ സുഖകരമായി കടന്നുപോയപ്പോൾ വെള്ളം വീണ്ടും മടങ്ങുകയും മിസ്‌രികൾ മുങ്ങിപ്പോകുകയും ചെയ്തു.' എഴുതുന്നു: 'ഈ സംഭവം മനസ്സിലാക്കുന്നതിന് ഇക്കാര്യം ഓർമവെക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് എല്ലാ ദിവ്യദൃഷ്ടാന്തങ്ങളും അല്ലാഹുവിൽനിന്നാണുണ്ടാകുന്നത്. ഒരു മനുഷ്യനും അതിൽ കൈകടത്തലോ നിയന്ത്രണമോ ഇല്ല. അതുകൊണ്ട് ഹദ്റത്ത് മൂസായുടെ വടിയുയർത്തലും സമുദ്രത്തിൽ അടിക്കലും കേവലം ഒരു ദൃഷ്ടാന്തത്തിനുവേണ്ടിയായിരുന്നു. അല്ലാതെ ഹദ്റത്ത് മൂസായ്ക്കോ വടിയ്ക്കോ സമുദ്രത്തിന്റെ ഒന്നിച്ചുചേരലിൽ ഒരു കൈകടത്തലുമില്ല.

ഈ വടിക്ക് സമുദ്രത്തിന്റെ കൂടിച്ചേരലുമായി ഒരു ബന്ധവുമില്ല. ഇതുപോലെതന്നെ ഇതും ഓർമവെക്കേണ്ടതാണ്. സമുദ്രം രണ്ടു കഷണമായെന്ന് വിശുദ്ധ ഖുർആനിന്റെ വാക്കുകളിൽനിന്ന് ഒരിക്കലും സ്ഥാപിതമാകുന്നില്ല. അതിലൂടെ ഹദ്റത്ത് മൂസാ കടന്നുപോയിരുന്നു. എന്നല്ല വിശുദ്ധ ഖുർആനിൽ ഈ സംഭവത്തെ സംബന്ധിച്ച് രണ്ടു വാക്കുകൾ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഒന്ന് ഫർഖ, മറ്റൊന്ന് ഇൻഫലഖ. ഇതിന്റെ അർഥം വേർപെടുക എന്നാണ്. അതുകൊണ്ട് വിശുദ്ധ ഖുർആനിന്റെ വാക്കുകളനുസരിച്ച് സ്ഥാപിതമാകുന്നത് ബനീ ഇസ്റാഈൽ കടന്നുപോകുന്ന നേരത്ത് സമുദ്രം പിളർന്നിരുന്നു. അതായത് തീരത്തുനിന്ന് മാറിയിരുന്നു. അപ്പോൾ ഉണ്ടായ കരയിലൂടെ ബനീ ഇസ്റായീൽ കടന്നുപോയി. സമുദ്രതീരത്ത് അങ്ങനെ ഉണ്ടാകാറുണ്ട്.

നെപ്പോളിയന്റെ ജീവിത ചരിത്രത്തിലെഴുതിയിരിക്കുന്നു, അദ്ദേഹം ഈജിപ്റ്റിന്റേമേൽ ആക്രമണം നടത്തിയപ്പോൾ അദ്ദേഹവും തന്റെ സൈന്യത്തിന്റെ ഒരു ഭാഗവുമായി ചെങ്കടലിന്റെ തീരത്തിന്നടുത്ത് വേലിയിറക്ക സമയത്ത് കടന്നു പോകുകയായിരുന്നു. അവർ കടന്നു പൊയ്ക്കൊണ്ടിരിക്കുമ്പോൾ വേലിയേറ്റ സമയം വന്നു. വളരെ പ്രയാസത്തോടെ രക്ഷപ്പെട്ടു. ഈ സംഭവത്തിലെ മുഅ്ജിസത്ത് ഇതായിരുന്നു. അതായത് ഹദ്റത്ത് മൂസായുമായി ബന്ധപ്പെട്ട സംഭവത്തിലെ മുഅ്ജിസത്ത് ഇതായിരുന്നു. അല്ലാഹു ബനീ ഇസ്റാഈലിനെ വേലിയിറക്കത്തിന്റെ സമയത്ത് സമുദ്രതീരത്തെത്തിച്ചു. ഹദ്റത്ത് മൂസാ കൈയുയർത്തിയ ഉടനെ അല്ലാഹുവിന്റെ കല്പനയനുസരിച്ച് വെള്ളം ഇറങ്ങാൻ തുടങ്ങി. പക്ഷേ, ഫിർഔനിന്റെ സൈന്യം സമുദ്രത്തിൽ കടന്നുടനെ അസാധാരണമായ തടസ്സം അവരുടെ വഴിയിലുണ്ടായി. അയാളുടെ സൈന്യം വളരെ വേഗത്തിൽ ബനീഇസ്റാഈലിന്റെ പിന്നാലെ പാഞ്ഞു. അവർ സമുദ്രത്തിലായിരുന്നപ്പോൾത്തന്നെ വേലിയേറ്റമുണ്ടായി. ശത്രുക്കൾ മുങ്ങിപ്പോകുകയും ചെയ്തു.......സമുദ്രത്തിൽ വേലിയേറ്റവും വേലിയിറക്കവും ഉണ്ടായിക്കൊണ്ടേയിരിക്കുന്നതാണ്. ഒരു നേരത്ത് വെള്ളം തീരത്തുനിന്ന് വളരെ ദൂരെ ഇറങ്ങിപ്പോകുന്നു. മറ്റൊരു നേരത്ത് കരയിലേക്ക് അടിച്ചുകയറുന്നു.

സമുദ്രം പിളർന്ന സംഭവം ഇതേ വേലിയിറക്കവും വേലിയേറ്റവുമായി ബന്ധപ്പെട്ടതാണ്. മൂസാ[അ]കടന്നുപോകുന്ന നേരത്ത് വേലിയിറക്കമായിരുന്നു. സമുദ്രം പിന്നീലേക്ക് മാറിയിരുന്നു. അതിനുശേഷം ഫിർഔൻ എത്തി. അവർ ഒരു ദിവസത്തിനുശേ

ഷമാണ് മൂസായുടെ പിന്നാലെ പോയത്. അവർ പാഞ്ഞ് സമുദ്രതീരത്തെത്തിയപ്പോൾ, മൂസാ(അ) വെള്ളം ഇറങ്ങി കിടന്ന സ്ഥലത്തൂടെ ഒരുപാട് മുമ്പോട്ടു പൊയ്ക്കഴിഞ്ഞിരുന്നു. അധികസ്ഥലവും താണ്ടിക്കഴിഞ്ഞിരുന്നു. ഫിർഔൻ അവർ കടന്നു പോകുന്നതുകണ്ട് വേഗത്തിൽ തന്റെ രഥം അവിടേക്ക് ഇറക്കി. സമുദ്രത്തിൽ കണ്ട മണ്ണ് നനവുള്ളതായിരുന്നു. അതിൽ അയാളുടെ രഥം പൂണ്ടുപോയി. അതെത്രത്തോളം നേരം വൈകിച്ചെന്നാൽ വേലിയേറ്റത്തിന്റെ സമയം വന്നു. വെള്ളം അടിച്ചു കയറാൻ തുടങ്ങി. അപ്പോൾ അയാൾക്ക് രണ്ടുകാര്യങ്ങളും പ്രയാസമുള്ളതായിത്തീർന്നു. അയാൾക്ക് മുന്നോട്ടു പോകാനും കഴിയുമായിരുന്നില്ല. പിന്നോട്ടുപോകാനും കഴിയുമായിരുന്നില്ല. നടുഭാഗത്ത് കുടുങ്ങിപ്പോയി. അയാളും അയാളുടെ ധാരാളം സുഹൃത്തുക്കളും സമുദ്രത്തിൽ മുങ്ങിപ്പോയി. വേലിയേറ്റ സമയമായിരുന്നു. കരയിലേക്ക് അടിച്ചുയരുകയായിരുന്ന വെള്ളം അവരുടെ ശവങ്ങൾ കരയിൽകൊണ്ടു തള്ളി. *(തഫ്സീറെ കബീർ വാള്യം 1, പേജ് 422)*

എന്തായാലും മുസ്ലിമീങ്ങൾ ഞാൻ പറഞ്ഞതുപോലെ ദാരിയീനിൽ എങ്ങനെയോ എത്തിയിരുന്നു. അതും വേലിയേറ്റവും വേലിയിറക്കവും കൊണ്ടുണ്ടായതാകാം.

ദാരിയീൻനിലെത്തിയപ്പോൾ അവിടെ മുസ്ലിമീങ്ങളും മുർത്തദ്ദീങ്ങളും തമ്മിൽ പോരാട്ടമുണ്ടായി. രക്തരൂക്ഷിതമായ പോരാട്ടമാണ് നടന്നത്. അതിൽ കലാപകാരികളെല്ലാം വധിക്കപ്പെട്ടു. വിവരങ്ങൾ അറിയിക്കുന്ന ആളുപോലും രക്ഷപ്പെട്ടില്ല. (തുടരും)

പേജ് 5 ൽ നിന്ന്

ബികളുടെ കച്ചവടത്തിനുമേൽ ഫാർസികളുടെ ആധിപത്യമാണുണ്ടായിരുന്നത്. ആ പ്രദേശങ്ങളിൽ വ്യാപാരികളുടെ ഒരു സംഘവും താമസിച്ചിരുന്നു. അവർ ഇന്ത്യയിൽനിന്നും ഇറാനിൽനിന്നും വന്നവരായിരുന്നു. ഫറാത്ത് നദിയുടെ അഴിമുഖത്തുനിന്ന് ഏദന്റെ തീരപ്രദേശത്തിന്റെ ഇടയ്ക്കുള്ള സ്ഥലത്ത് താമസിച്ചു. ഈ വ്യാപാരികൾ ഇവിടുത്തെ തദ്ദേശവാസികളുമായി വിവാഹബന്ധത്തിലും ഏർപെട്ടിരുന്നു. അവരിൽനിന്നുണ്ടായ തലമുറയെ 'അബ്നാഅ്' എന്നു വിളിച്ചിരുന്നു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ ഉർദു തർജമ, പേജ് 237)(ഫർഹങ്കെ സീറത്ത് പേജ് 110, സവാർ അക്കാഡമി കറാച്ചി)*

തീരപ്രദേശനഗരങ്ങളുടെ പിൻഭാഗത്ത് 3 വലിയ ഗോത്രക്കാരും അവരുടെ ഒരുപാട് ശാഖകളും വസിച്ചിരുന്നു. ഒന്ന് ബക്ർ ബിൻ വാഇൽ, രണ്ടാമത്തേത് അബ്ദുൽഖയ്സ്, മൂന്നാമത്തേത് റബീഅ. അവരുടെ ഒരുപാടു കുടുംബങ്ങൾ ക്രിസ്ത്യാനികളായിരുന്നു. കുതിരകളേയും ഒട്ടകങ്ങളേയും ആടുകളേയും വളർത്തുകയും ഈന്തപ്പനത്തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുകയും അവരുടെ പ്രത്യേകതൊഴിലുകളായിരുന്നു. ഈ ഗോത്രങ്ങളുടെ കാര്യകർത്താക്കൾ ഹീറ ഭരണകൂടത്തിന്റെ വിശ്വാസം ആർജിച്ചിട്ടുള്ള തദ്ദേശ നേതാക്കന്മാരായിരുന്നു. അവരിൽ ഒരാളായിരുന്നു മുൻദിർ ബിൻ സാവാ. അദ്ദേഹം ബഹ്റയ്നിലെ ഹജർ ജില്ലയിലാണ് താമസിച്ചിരുന്നത്. ഹജറിന്റെ ചുറ്റുവട്ടത്തുള്ള അബ്ദുൽ ഖയ്സ് ഗോത്രത്തിനുമേലായിരുന്നു അദ്ദേഹത്തിന്റെ ഭരണം. *(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരിഖുതൂത്വ്, പേജ് 48, നദ്വത്തുൽ മുസ്വന്നിഫീൻ, ദില്ലി)*

അബ്ദുൽ ഖയ്സ് ഗോത്രത്തിന്റെ രണ്ടു പ്രതിനിധി സംഘം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. ഒരി പ്രതിനിധി സംഘം ഹിജ്റ 5-ലാണ് നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായത്. ഇവരിൽ പതിമൂന്നോ പതിനാലോ അംഗങ്ങളുണ്ടായിരുന്നു. അബ്ദുൽ ഖയ്സ് ഗോത്രത്തിന്റെ രണ്ടാമത്തെ പ്രതിനിധി സംഘം ഹിജ്റ 9-ൽ രണ്ടാമതും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായിരുന്നു. അതിൽ ജാറൂദ് ഉൾപ്പെടെ 40 പേരുണ്ടായിരുന്നു. ജാറൂദ് ക്രിസ്ത്യാനിയായിരുന്നു. അദ്ദേഹം ഇവിടെ വന്നിട്ടാണ് മുസ്ലിമായത്. *(അറ്റ്ലസ് സീറത്ത് നബ്‌വി, പേജ് 438)*

ഒരു മൊഴി അനുസരിച്ച് ഈ സംഘം നബി(സ)തിരുമേനിയുടെ അടുത്ത് വരുന്നതിനുമുമ്പേ ഇസ്ലാം സ്വീകരിച്ചിരുന്നു.*(സുർഖാനീ, വാള്യം 5, പേജ് 141, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)*

ഹജറിലെ ഫാർസികളും ക്രിസ്ത്യാനികളും യഹൂദികളും അങ്ങേയറ്റം അപ്രിയമായി 'ജിസ്‌യാ' നല്കാമെന്ന് സമ്മതിച്ചു. ബഹ്റയ്നിലെ മറ്റു നാട്ടുകാരും നഗരവും അമുസ്ലിമായി തന്നെ ഇരുന്നു. പക്ഷേ, ഈയാളുകൾ അവസരം കിട്ടുമ്പോഴൊക്കെ ഇടയ്ക്കിടെ കലഹം നടത്തിക്കൊണ്ടിരുന്നു. *(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരിഖുതൂത്വ്, പേജ് 48, നദ്വത്തുൽ മുസ്വന്നിഫീൻ, ദില്ലി) (സയ്റുസ്സ്വഹാബ, വാള്യം 4, പേജ് 398-ൽനിന്നെടുത്തത്)*

മുൻദിർ ബിൻ സാവാ ഇസ്ലാം സ്വീകരിച്ചതോടെ നബി(സ)തിരുമേനി അദ്ദേഹത്തെ നിയമപ്രകാരം ബഹ്റയ്നിലെ ഭരണാധികാരിയാക്കി വെച്ചു. ഇസ്ലാം സ്വീകരിച്ചതിനുശേഷം അദ്ദേഹം തന്റെ ജനതയേയും സത്യദീനിലേക്ക് വിളിക്കാൻ തുടങ്ങി. ജാറൂദ് ബിൻ മുഅല്ലായെ മതപരമായ ശിക്ഷണം കരസ്ഥമാക്കുന്നതിനുവേണ്ടി നബി(സ)തിരുമേനിയുടെ അടുത്ത് അയച്ചു. ജാറൂദ് മദീനയിലെത്തി ഇസ്ലാമികമായ അധ്യാപനങ്ങളും കല്പനകളും പഠിച്ചു. തന്റെ ജനതയിലേക്ക് മടങ്ങിപോയി ജനങ്ങളെ തബലീഗ് ചെയ്യാനും അവർക്ക് ഇസ്ലാമികമായ അധ്യാപനങ്ങൾ പറഞ്ഞുകൊടുക്കാനും തുടങ്ങി. നബി(സ)തിരുമേനിയുടെ വഫാത്ത് അതായത് ഹിജ്റ പതിനൊന്നിന് കുറച്ചു ദിവസം കഴിഞ്ഞ് മുൻദിർ ഇഹലോകവാസം വെടിഞ്ഞു. അതിനെ തുടർന്ന് അറബികളും അല്ലാത്തവരും കലഹം പ്രഖ്യാപിച്ചു. അബ്ദുൽഖയ്സ് ഗോത്രം പറഞ്ഞു: 'നബി(സ)തിരുമേനി നബിയായിരുന്നെങ്കിൽ അദ്ദേഹം ഒരിക്കലും മരിക്കുകയില്ലായിരുന്നു.' അവരെല്ലാവരും മുർത്തദ്ദായി. അത് ഹദ്റത്ത് ജാറൂദ് അറിഞ്ഞു. ഹദ്റത്ത് ജാറൂദ് തന്റെ ജനതയിലെ മാന്യന്മാരിൽപ്പെട്ടയാളായിരുന്നു. അദ്ദേഹം തർബിയ്യത്ത് കരസ്ഥമാക്കുന്നതിന് മദീനയിൽ പോയിരുന്നു. നബി(സ)തിരുമേനിയിലേക്ക് ഹിജ്റത്ത് ചെയ്തവരിൽപ്പെട്ടയാളായിരുന്നു. നല്ല പ്രസംഗകനുമായിരുന്നു. *(അൽബിദായ വന്നിഹായ വാള്യം 9, പേജ് 475-476, പ്രസാധനം ദാറു ഹിജ്ർ)*

ഹദ്റത്ത് ജാറൂദ് നബി(സ)തിരുമേനി എന്തുകൊണ്ടാണ് മരിച്ചതെന്ന കാര്യം വിശദീകരിക്കാൻ മതപരിത്യാഗികളായിപ്പോയ എല്ലാവരേയും ഒരുമിച്ചുകൂട്ടി. പ്രസംഗിക്കാൻ എഴുന്നേറ്റുനിന്നു. അദ്ദേഹം പറഞ്ഞു: 'അബ്ദുൽഖയ്സിന്റെ സംഘമേ! ഞാൻ നിങ്ങളോടു ഒരു കാര്യം ചോദിക്കുകയാണ്. നിങ്ങൾക്കറിയാമെങ്കിൽ അതെന്നോടു പറയണം. നിങ്ങൾക്കറിയില്ലെങ്കിൽ പറയരുത്. അദ്ദേഹം പറഞ്ഞു: ആഗ്രഹിക്കുന്നതെന്തും ചോദിച്ചുകൊള്ളുക. ഹദ്റത്ത് ജാറൂദ്(റ)പറഞ്ഞു: കഴിഞ്ഞ കാലത്ത് അല്ലാഹുവിന്റെ നബി ലോകത്തു വന്നുകഴിഞ്ഞിട്ടുണ്ടോ? ആളുകൾ പറഞ്ഞു: വന്നു കഴിഞ്ഞിട്ടുണ്ട്. ഹദ്റത്ത് ജാറൂദ് ചോദിച്ചു:നിങ്ങൾക്ക് അവരെ കുറിച്ച് അറിയാമോ? അല്ലെങ്കിൽ നിങ്ങൾ അവരെ കണ്ടിട്ടുണ്ടോ? ആളുകൾ പറഞ്ഞു: ഇല്ല, ഞങ്ങൾ അവരെ കണ്ടിട്ടില്ല. പക്ഷേ, അവരെ കുറിച്ച് അറിവു മാത്രമെ ഉള്ളു.' ഇതായിരുന്നു ജനങ്ങളുടെ മറുപടി. ഹദ്റത്ത് ജാറൂദ് ചോദിച്ചു: 'പിന്നീട് അവർക്ക് എന്താണ് സംഭവിച്ചത്?' അവർ മരിച്ചുപോയെന്ന് ആളുകൾ പറഞ്ഞു. അപ്പോൾ ഹദ്റത്ത് ജാറൂദ് പറഞ്ഞു:'ഇപ്രകാരം മുഹമ്മദ്(സ)ഉം വഫാത്തായി. അവരെല്ലാവരും വഫാത്തായതുപോലെ! ഞാൻ വിളംബരം ചെയ്യുകയാണ്, ലാ ഇലാഹ ഇല്ലല്ലാഹു വ അന്ന മുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ ആരുമില്ല തീർച്ചയായും മുഹമ്മദു(സ)അവന്റെ ദാസനും ദൂതനുമാണ്.'

അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തിന്റെ


ത്വാലിബെ ദുആ



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN

CONTACT NO: 98884 45694 (SABIR AHMAD)


## • അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്‌ബ 4-10-2019)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഈ പ്രസംഗം കേട്ടതിനുശേഷം, ചോദ്യോത്തരത്തിനുശേഷം പറഞ്ഞു: 'ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ ആമറ്റാരുമില്ലെന്നും തീർച്ചയായും മുഹമ്മദു[സ] അവന്റെ ദാസനും ദൂതനുമാണെന്നും ഞങ്ങളും സാക്ഷ്യം വഹിക്കുന്നു. ഞങ്ങൾ താങ്കളെ ഞങ്ങളുടെ ഗുണകാംക്ഷിയായും ഞങ്ങളുടെ നേതാവായും അംഗീകരിക്കുന്നു.' ഇപ്രകാരം അവർ ഇസ്‌ലാമിൽ അടിയുറച്ചുനിന്നു. മതപരിത്യാഗത്തിന്റെ പകർച്ചവ്യാധി അവരോളം എത്തിയില്ല. *(താരീഖ് അത്ത്വബരി വാള്യം 2, പേജ്285, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ 2012)*

അറബികളും അല്ലാത്തവരുമെല്ലാം മദീനയുടെ ഭരണം അവസാനിപ്പിക്കാൻ അരമുറുക്കികെട്ടി. ഇറാനീ ഭരണകൂടം അവർക്ക് എല്ലാവിധ പിന്തുണയും നല്കി. കലാപത്തിന്റെ നേതൃത്വം വലിയൊരു അറേബ്യൻ നേതാവിനെ ഏല്പിച്ചു. ഹജറിൽ നബി[സ]തിരുമേനിയുടെ പ്രതിനിധി അബാൻ ബിൻ സയീദ് ബിൻ ആസ് കലാപത്തിന്റെ കറുത്ത മേഘങ്ങൾ ഉരുണ്ടു കയറുന്നത് കണ്ട് മദീനയിൽ വന്നു. *(ഹദ്റത്ത് അബൂബക്റിന്റെ സർക്കാരിഖുതൂത്, പേജ് 49, നദ് വത്തുൽ മുസ്വന്നിഫീൻ ദില്ലി)*

ബനൂ അബ്ദുൽഖയ്സിലെ ചിലയാളുകൾ ബാഹ്യമായി ഇസ്‌ലാം സ്വീകരിച്ചിരുന്നു. പക്ഷേ, ബഹ്റയ്നിലെ മറ്റു ഗോത്രങ്ങൾ ഹുത്വം ബിൻ ളുബയ്അയുടെ നേതൃത്വത്തിൽ നിയമപരമായ മതപരിത്യാഗത്തിൽ ഉറച്ചുനിന്നു. അവർ രാജഭരണത്തെ വീണ്ടും മുൻദിറിന്റെ കുടുംബത്തിൽ മാറ്റി മുൻദിർ ബിൻ നുഅ്മാനെ തങ്ങളുടെ രാജാവാക്കി. ഒരു നിവേദനത്തിലുണ്ട്: അവർ മുൻദിർ ബിൻ നുഅ്മാനെ രാജാവാക്കാൻ ഉദ്ദേശിച്ചപ്പോൾ അവരിലെ ആദരണീയരുടേയും നേതാക്കന്മാരുടേയും ജമാഅത്ത് ഇറാനിലെ രാജാവായ കിസ്റായുടെ അടുത്തെത്തി. അദ്ദേഹത്തിന്റെ മുമ്പിൽ നേരിട്ട് ഹാജരാകാൻ അവർ അനുവാദം ചോദിച്ചു. അയാൾ അവർക്ക് അനുവാദം നല്കി. അവർ സർവവിധ ആദരവോടും കൂടി അദ്ദേഹത്തിന്റെ മുമ്പിൽ ഹാജരായി. കിസ്റാ പറഞ്ഞു: 'അല്ലയോ അറേബ്യൻ സംഘമേ!എന്തുകാര്യമാണ് നിങ്ങളെ ഇവിടെ കൊണ്ടുവന്നത്?' അദ്ദേഹം പറഞ്ഞു: 'അല്ലയോ രാജാവേ! ഖുറയ്ശിലേയും മുളർറിലേയും എല്ലാ ഗോത്രങ്ങളുടേയും ആദരണീയനായി മനസ്സിലാക്കപ്പെട്ടിരുന്നയാൾ മരണപ്പെട്ടിരിക്കുന്നു.' ഇതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് അല്ലാഹുവിന്റെ റസൂൽ[സ]ആയിരുന്നു. പിന്നീട് പറഞ്ഞു:'അതിനുശേഷം അദ്ദേഹത്തിന്റെ പ്രതിനിധിയായി ഒരാൾ എഴുന്നേറ്റുനിന്നിരിക്കുന്നു. അദ്ദേഹം മെല്ലിച്ച ശരീരമുളളയാളും അശക്തനായ നേതാവുമാണ്.' ഹദ്റത്ത് അബൂബക്റിനെ കുറിച്ച് അയാൾ ഈ അഭിപ്രായമാണ് പറയുകയും അയാളുടെ പ്രവർത്തകർ തന്റെ സ്നേഹിതന്മാരിലേക്ക് മാർഗദർശനത്തിന് മടങ്ങിപ്പോകുകയും ചെയ്തു. ഇന്ന് ബഹ്റയ്നിന്റെ പ്രദേശം അവരുടെ കൈയിൽനിന്ന് പൊയ്പ്പോയി. അബ്ദുൽഖയ്സിലെ ചെറിയ സംഘമൊഴികെ ആരും ഇപ്പോൾ ഇസ്‌ലാം മതത്തിൽ ഉറച്ചുനില്ക്കുന്നില്ല. ഞങ്ങളുടെ പക്കൽ അവർക്ക് ഒരു പ്രസക്തിയുമില്ല. നമുക്ക് അവരുടെമേൽ യാത്രാവാഹനങ്ങളുടേയും കാലാൾപ്പടയുടേയും അടിസ്ഥാനത്തിൽ ഭൂരിപക്ഷം കരസ്ഥമായിട്ടുണ്ട്. അങ്ങ് ഏതെങ്കിലും വ്യക്തിയെ അയക്കുക. അയാൾ ബഹ്റയ്ൻ പിടിച്ചടക്കാൻ ഉദ്ദേശിച്ചാൽ ആർക്കും അതിനെ തടയാൻ സാധ്യമല്ല. അപ്പോൾ കിസ്റാ അയാളോടു പറഞ്ഞു:'താങ്കളുടെ കൂടെ ബഹ്റയ്നിലേക്ക് അയക്കാൻ താങ്കൾ ആരെയാണ് ഇഷ്ടപ്പെടുന്നത്?' അയാൾ പറഞ്ഞു: 'രാജാവ് ഇഷ്ടപ്പെടുന്ന ആളെ അയച്ചാലും.' കിസ്റാ പറഞ്ഞു:'മുൻദിർ ബിൻ നുഅ്മാൻ ബിൻ മുൻദിറിനെ കുറിച്ച് താങ്കളെന്താണ് പറയുന്നത്?' അദ്ദേഹം പറഞ്ഞു: 'രാജാവേ!നാം അത് ഇഷ്ടപ്പെടുന്നു. ഇദ്ദേഹത്തെ അല്ലാതെ മറ്റാരേയും നാം ആഗ്രഹിക്കുന്നില്ല.' പിന്നീട് കിസ്റാ മുൻദിർ ബിൻ നുഅ്മാനെ വിളിപ്പിച്ചു. അദ്ദേഹം യുവാവായിരുന്നു. താടി മുളച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളു. രാജാവ് അയാളെ സമ്മാനവസ്ത്രം നല്കി അനുഗ്രഹിച്ചു. രാജമകുടം അണിയിക്കുകയും ചെയ്തു. നൂറ് കുതിരപട്ടാളക്കാരേയും കടുതലായി ഏഴായിരം പേരടങ്ങുന്ന കാലാൾപ്പടയും യാത്രാവാഹനവും നല്കി. അദ്ദേഹത്തോടു ബക്ർ ബിൻ വാഇൽ ഗോത്രത്തോടൊപ്പം ബഹ്റയ്നിലേക്ക് പോകാൻ കൽപിച്ചു. അയാളോടൊപ്പം അബൂളുബയ്അ ഹുത്വം ബിൻ സയ്ദും-അയാളുടെ പേര് ശുറയ്ഹ് ബിൻ ളുബയ്അ എന്നായിരുന്നു, ഇയാൾ ബനൂ ഖയ്സ് ബിൻ ഥഅ്ലബയിൽപ്പെട്ടയാളായിരുന്നു, ഹുത്വം എന്നത് അയാളുടെ സംജ്ഞാനാമമായിരുന്നു, ഇയാൾ ഇസ്‌ലാം സ്വീകരിച്ചതിനുശേഷം വീണ്ടും മതപരിത്യാഗിയായിരുന്നു-ളുബ്യാൻ ബിൻ അംറും മുസ്മിഅ് ബിൻ മാലിക്കുമുണ്ടായിരുന്നു. *(കിതാബുർറദ്ദ ലിൽവാഖ്ദി, പേജ് 147-149, ദാറുൾഗർബുൽഇസ്‌ലാമീ 1990)*

ഏറ്റവുമാദ്യം അദ്ദേഹം ജാറൂദിനേയും അബ്ദുൽഖയ്സ് ഗോത്രത്തേയും ഇസ്‌ലാമിൽ നിന്നകറ്റാൻ ശ്രമിച്ചു. പക്ഷേ, പരാജയപ്പെട്ടു. അപ്പോൾ ഹുത്വം ബിൻ ളുബയ്അ ശക്തി പ്രയോഗിച്ച് അവരെ കീഴടക്കാൻ നോക്കി. അയാൾ ഖത്വീഫിലും ഹജറിലും താമസിച്ചിരുന്ന വിദേശീയരായ വ്യാപാരികളേയും അതിനുമുമ്പേ ഇസ്‌ലാം സ്വീകരിച്ചിട്ടില്ലാത്തവരേയും തന്നോടൊപ്പം ചേർത്തു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 238-239, ഇസ്‌ലാമീ കുതുബ് ഖാന ലാഹോർ)*

അബ്ദുൽഖയ്സ് ഗോത്രത്തിലെ ആളുകൾ തങ്ങളുടെ നേതാവായ ഹദ്റത്ത് ജാറൂദ് ബിൻ മുഅല്ലായുടെ അടുത്ത് നാലായിരം ആളുകളുമായി തന്റെ സഖ്യകക്ഷികളും തന്റെ അടിമകളുമായി സംഘടിച്ചു. ബക്ർ ബിൻ വാഇൽ ഗോത്രം തങ്ങളുടെ ഒമ്പതിനായിരം ഇറാനികളും മൂവായിരം അറബികളുമായി അവരോടടുത്തു.

പിന്നീട് ഇരുകൂട്ടരുടേയും ഇടയിൽ ഘോരയുദ്ധം നടന്നു. ബക്ർ ബിൻ വാഇൽ ഗോത്രത്തിന് കനത്ത നഷ്ടം വഹിക്കേണ്ടിവന്നു. അവരിൽനിന്നും ഇറാനികളിൽനിന്നുമുള്ള ധാരാളമാളുകൾ വധിക്കപ്പെട്ടു. പിന്നീട് അവർ രണ്ടാം പ്രാവശ്യവും ശക്തമായി യുദ്ധം ചെയ്തു. ഇപ്രാവശ്യം അബ്ദുൽഖയ്സ് ഗോത്രത്തിന് കനത്ത നഷ്ടം വഹിക്കേണ്ടിവന്നു. ഇപ്രകാരം അവർ പരസ്പരം പകരം വീട്ടിക്കൊണ്ടിരുന്നു. അവരുടെ ഇടയിൽ ഒരുപാടു ദിവസം യുദ്ധം നടന്നുകൊണ്ടിരുന്നു. ഒരുപാടാളുകൾ വധിക്കപ്പെട്ടു. അബ്ദുൽഖയ്സ് ഗോത്രത്തിലെ സാധാരണക്കാർ ബക്ർ ബിൻ വാഇലിനോടു അഭയം അപേക്ഷിച്ചു. ആ നേരത്ത് ബക്ർ ബിൻ വാഇലിനെ തിരിൽ തങ്ങൾക്ക് ഒരു ശക്തിയുമില്ലെന്ന് അബ്ദുൽഖയ്സ് അറിഞ്ഞു. അങ്ങനെ അവർ പരാജയപ്പെട്ടു. എത്രത്തോളമെന്നാൽ അവർ ഹജറിന്റെ മണ്ണിൽ തങ്ങളുടെ ജുവാഥ എന്നു പേരുളള കോട്ടയിൽ ഘെരാവോ ചെയ്യപ്പെട്ടു. നബി[സ]തിരുമേനിയുടെ മസ്ജിദിനുശേഷം ഏറ്റവുമാദ്യം ജുമുഅ നമസ്കരിക്കപ്പെട്ട നാടാണ് ബഹ്റയ്നിലെ ജുവാഥ. ബുഖാരിയിൽ ഇങ്ങനെയൊരു നിവേദനമുണ്ട്. അത് ഹദ്റത്ത് ഇബ്നു അബ്ബാസ്[റ]നിവേദനം ചെയ്തതാണ്. അദ്ദേഹം വിവരിക്കുന്നു, ***ഇന്ന അവ്വല ജുമുഅത്തിൻ ജുമ്മിഅത്ത് ബഅ്ദ ജുമുഅത്തിൻ ഫീ മസ്ജിദി റസൂലില്ലാഹി ഫീ മസ്ജിദി അബ്ദിൽ ഖയ്സി ബിജുവാഥാ മിനൽ ബഹ്റയ്നി*** അതായത് നബി[സ]തിരുമേനിയുടെ മസ്ജിദിനുശേഷം ഏറ്റവും ആദ്യത്തെ ജുമുഅ അബ്ദുൽഖയ്സ് ഗോത്രത്തിന്റെ മസ്ജിദിൽ ബഹ്റയ്നിലെ സ്ഥലമായ ജുവാഥായിലാണ് നടന്നത്.

ബനൂബക്ർ ബിൻ വാഇൽ തന്റെ ഇറാനി ആളുകളോടൊപ്പം മുന്നോട്ടു നീങ്ങുകയും അവരുടെ കോട്ടവരെ എത്തുകയും ചെയ്തു. അവരെ വളഞ്ഞു. അവരിൽനിന്ന് ഭക്ഷണം തടഞ്ഞു. ബനൂ ബക്ർ ബിൻ കിലാബിലെ ഒരു വ്യക്തി അബ്ദുല്ലാഹ് ബിൻ ഔഫ് അബ്ദീ-അയാളുടെ പേര് അബ്ദുല്ലാഹ് ബിൻ ഹദ്ഫ് എന്നും പറയുന്നുണ്ട്- അയാൾ ഈ അവസരത്തിൽ ഹദ്റത്ത് അബൂബക്റിനേയും മദീനക്കാരേയും സംബോധന ചെയ്തുകൊണ്ട് കുറച്ച് കവികൾ ചൊല്ലി. അതിൽ തങ്ങളുടെ നിരാലംബതയും നിസ്സഹായതയും സഹിഷ്ണുതയുടേയും ക്ഷമയുടേയും അവസ്ഥ പ്രകടിപ്പിച്ചു.

أَلَا أَبْلِغْ أَبَابَكْرٍ رَسُوْلًا
وَفِتْيَانَ الْمَدِيْنَةِ أَجْمَعِيْنَا
فَهَلْ لِىْ فِىْ شَبَابٍ مِنْكَ أَمْسَوْا
جِيَاعًا فِىْ جَوَاثٰى مُحْصَرِيْنَا
كَاَنَّ دِمَاؤَهُمْ فِىْ كُلِّ فَجٍّ
شُعَاعُ الشَّمْسِ يَغْشَى النَّاظِرِيْنَا
تُحَاصِرُهُم بَنُوْ ذُهْلٍ وَ عِجْلٍ
وَ شَيْبَانَ وَ قَيْسٍ ظَالِمِيْنَا
يَقُوْدُهُمُ الْغُرُوْرُ بِغَيْرِ حَقٍّ
لِيَسْتَلِبَ الْعَقَائِلَ وَالْبَنِيْنَا
فَلَمَّا اشْتَدَّ حَصْرُهُمُ وَ طَالَتْ
أَكُفُّهُمُ بِمَا فِيْهِ بُلِيْنَا
تَوَكَّلْنَا عَلَى الرَّحْمٰنِ اِنَّا
وَجَدْنَا الْفَضْلَ لِلْمُتَوَكِّلِيْنَا
وَقُلْنَا قَدْ رَضِيْنَا اللهَ رَبًّا
وَ بِالْاِسْلَامِ دِيْنًا قَدْ رَضِيْنَا

وَقُلْنَا وَالْأُمُوْرُ لَهَا قَرَارٌ
وَ قَدْ سَفِهَتْ حُلُوْمُ بَنِيْ أَبِيْنَا
نُقَاتِلُكُمْ عَلَى الْإِسْلَامِ حَتّٰى
تَكُوْنُوْا أَوْ نَكُوْنَ الذَّاهِبِيْنَا
بِكُلِّ مُهَنَّدٍ عَضْبٍ حُسَامٍ
يَقُدُّ الْبِيْضَ وَالزُّرْدَ الدَّفِيْنَا]

ഇത് അല്പം സുദീർഘമായ കവിതയാണ്. എന്തായാലും അതിന്റെ തർജമ ഇപ്രകാരമാണ്. അല്ലയോ ശ്രോതാക്കളേ! അബൂബക്റിനും മദീനയിലെ എല്ലാ യുവാക്കൾക്കും സന്ദേശമെത്തിച്ചാലും. ജുവാഥീയിൽ വിശപ്പിന്റേയും ഉപരോധത്തിന്റേയും അവസ്ഥയിൽ വൈകുന്നേരമാക്കിയ ആ യുവാക്കൾക്കുവേണ്ടി എനിക്ക് നിങ്ങളിൽനിന്ന് സഹായം കിട്ടുമോ? സകല വഴികളിലും അവരുടെ രക്തം സൂര്യന്റെ കിരണങ്ങൾപോലെ വീണുകിടക്കുന്നു. അത് കാണുന്നവരുടെ ദൃഷ്ടികളെ ഇരുൾമുറ്റിയതാക്കുന്നു. ബനൂ ദുഹുലും യിജ്ലും ശയ്ബാനും ഖയ്സ് ഗോത്രങ്ങളും അക്രമം ചെയ്തുകൊണ്ട് അവരെയെല്ലാം ഉപരോധിച്ചിരിക്കുകയാണ്; അവർ അന്യായമായ നിലയിൽ ഞങ്ങളുടെ ഭാര്യമാരേയും മക്കളേയും തട്ടിപ്പറിച്ചെടുക്കാൻ! അവർക്ക് നേതൃത്വം കൊടുക്കുന്നത് ഗുറൂറാണ്. (ഗുറൂറിന്റെ യഥാർഥ പേര് മുൻദിർ ബിൻ നുഅ്മാൻ ബിൻ മുൻദിർ എന്നാണ്). അവരുടെ ഉപരോധം ശക്തിപ്രാപിക്കുകയും നീളുകയും ചെയ്യപ്പെട്ടപ്പോൾ അവർ ഞങ്ങളുടെമേൽ വിജയം നേടി. അതുമുഖേന ഞങ്ങൾ പരീക്ഷണത്തിൽ ഇടപ്പെട്ടു. ഞങ്ങൾ റഹ്മാനായ അല്ലാഹുവിൽ തവക്കുൽ ചെയ്തിരിക്കുന്നു. കാരണം ഞങ്ങൾ അവന്റെ ഫള്ൽ തവക്കുൽ ചെയ്യുന്നവർക്കു കിട്ടിയതായി കണ്ടിട്ടുണ്ട്. അപ്പോൾ ഞങ്ങൾ പറഞ്ഞു, 'അല്ലാഹു ഞങ്ങളുടെ റബ്ബാണെന്നതിൽ ഞങ്ങൾ തൃപ്തരാണ്. ഇസ്ലാം ഞങ്ങളുടെ ദീനാണെന്നതിലും ഞങ്ങൾ തൃപ്തരാണ്. ഞങ്ങൾ പറഞ്ഞു; പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകതന്നെ ചെയ്യും. ഞങ്ങളുടെ പൂർവികരുടെ മക്കളുടെ ബുദ്ധികൾ നശിച്ചുപോയി. ഞങ്ങൾ ഇസ്ലാമിൽനിന്നുകൊണ്ട് നിങ്ങളോ ഞങ്ങളോ മരിക്കുന്നതുവരെ നിങ്ങളോടു യുദ്ധം ചെയ്തുകൊണ്ടിരിക്കും. അത്, വേഗം മുറിച്ചിടുന്നതും ഇരുമ്പ് തൊപ്പിയേയും ഇരുമ്പ് ചട്ടയേയും കഷണമാക്കുന്നതുമാണ്.

ഈ സന്ദേശം കവിതയുടെ രൂപത്തിൽ "അബ്ദീ''അയപ്പിച്ചു.

ഹദ്റത്ത് അബൂബക്ർ(റ) ഈ കവിത വായിച്ചപ്പോൾ അബ്ദുൽഖയ്സിന്റെ അവസ്ഥകളറിഞ്ഞ് അദ്ദേഹത്തിന് വളരെ ദുഃഖമുണ്ടായി. അദ്ദേഹം ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയെ വിളിപ്പിച്ചു. സൈന്യത്തിന്റെ നേതൃത്വം അദ്ദേഹത്തെ ഏല്പിച്ചു. അൻസ്വാറും മുഹാജിറും അടങ്ങുന്ന രണ്ടായിരം പോരോടൊപ്പം അബ്ദുൽഖയ്സിനെ സഹായിക്കാൻ ബഹ്റയ്നിലേക്ക് പോകാൻ കല്പിക്കുകയും ഏതു അറേബ്യൻ ഗോത്രങ്ങളുടെ അടുത്തൂടെ പോകുകയാണെങ്കിലും അവരെ ബനൂ ബക്ർ ബിൻ വാഇലിനോടു യുദ്ധം ചെയ്യാൻ പ്രേരപ്പിക്കണമെന്നും കാരണം അവർ ഇറാനിലെ രാജാവ് കിസ്റാ നിശ്ചയിച്ച മുൻദിർ ബിൻ നുഅ്മാൻ ബിൻ മുൻദിറിനോടൊപ്പം വന്നതാണെന്നും പറയുകയും ചെയ്തു. അയാൾ അതായത് രാജാവ് തന്റെ തലയിൽ രാജമകുടം വെച്ചുവെന്നും അല്ലാഹുവിന്റെ പ്രകാശത്തെ അണയ്ക്കാൻ ഉദ്ദേശിക്കുന്നുവെന്നും അല്ലാഹുവിന്റെ മിത്രങ്ങളെ വധിച്ചുവെന്നും പറഞ്ഞു. അതുകൊണ്ട് നിങ്ങൾ ലാ ഹൗല ലാ ഖുവ്വത്ത് ഇല്ലാബില്ലാഹ്- അല്ലാഹു മുഖേനയല്ലാതെ പാപത്തിൽനിന്ന് രക്ഷപ്പെടാൻ ശക്തിയില്ല, നന്മചെയ്യാനും കഴിവില്ല എന്നു ചൊല്ലിക്കൊണ്ട് പുറപ്പെടുക എന്നും പറഞ്ഞു. *(കിതാബുർറദ്ദ ലിൽവാഖ്ദി, പേജ് 152-154, ദാറുൽഗർബുൽഇസ്ലാമീ 1990)(സ്വഹീഹുൽ ബുഖാരി, കിതാബുൽ ജുമുഅ, ഹദീഥ് 892)(താരീഖ് അത്ത്വബരി വാല്യം 2, പേജ്286, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് അലാഅ് ബിൻ ഹള്റമി പുറപ്പെട്ടു. അവർ യമാമയുടെ അടുത്തൂടെ കടന്നുപോകുമ്പോൾ ഹദ്റത്ത് ഥുമാമ ബിൻ ഉഥ്ഥാൽ, ഹനീഫ ഗോത്രത്തിലെ ഒരു സംഘത്തോടൊപ്പം അദ്ദേഹത്തെ വന്നു കണ്ടു. ഹദ്റത്ത് ഉഥ്ഥാൽ അദ്ദേഹത്തെ വന്നു കണ്ടു. അദ്ദേഹത്തിനു പുറമെ ഖയ്സ് ബിൻ ആസ്വിമും തന്റെ ഗോത്രമായ തമീമിനോടൊപ്പം ഹദ്റത്ത് അലാഅ് ബിൻ ഹള്റമിയുടെ സൈന്യത്തോടൊപ്പം ചേർന്നു. അതിനു മുമ്പേ ഖയ്സ് ബിൻ ആസ്വിം സക്കാത്ത് നിഷേധികളിൽ ചേർന്നിരുന്നു. അദ്ദേഹം ഗോത്രക്കാരുടെ സക്കാത്ത് മദീനയിലേക്ക് അയക്കുന്നത് തികച്ചും തടഞ്ഞിരുന്നു. സക്കാത്തിന്റെ ശേഖരിച്ച പണം ജനങ്ങൾക്ക് മടക്കിക്കൊടുത്തു. പക്ഷേ, ഹദ്റത്ത് ഖാലിദ് ബിൻ വലീദ് യമാമയിൽ ബനൂ ഹനീഫയെ കീഴടക്കിയപ്പോൾ ഖയ്സ് ബിൻ ആസ്വിം മുസ്ലിമീങ്ങളുടെ മുമ്പിൽ തലകുനിക്കുന്നതിലാണ് സൗഖ്യമെന്നു മനസ്സിലാക്കുകയും തമീം ഗേത്രത്തിൽനിന്ന് സക്കാത്ത് പിരിക്കുകയും ഹദ്റത്ത് അലാ ബിൻ ഹള്റമിയുടെ സൈന്യത്തിൽ ചേരുകയും ചെയ്തു.*(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ പേജ് 239, ഇസ്ലാമീ കുതുബ് ഖാന ലാഹോർ)*

ഹദ്റത്ത് അലായുടെ സൈന്യം ദഹ്നാ എന്ന വഴിയിലൂടെ ബഹ്റയ്നിലേക്ക് പോയി. അലാ തന്റെ സൈന്യത്തെ ദഹ്നായുടെ വഴിയിലൂടെ ബഹ്റയ്നിലേക്ക് കൊണ്ടുപോയി. ദഹ്നാ: ബനൂതമീം പ്രദേശത്ത് ബസ്വറയിൽനിന്ന് മക്കയിലേക്കുള്ള വഴിയിലെ ഒരു സ്ഥലമാണ്. അദ്ദേഹം പറയുന്നു: ഞങ്ങൾ അതിന്നിടയിലെത്തിയപ്പോൾ അദ്ദേഹം ഞങ്ങളോടു താവളമടിക്കാൻ കല്പിച്ചു. നിവേദകൻ പറഞ്ഞു:'രാത്രിയുടെ ഇരുട്ടിൽ ഒട്ടകം കൈയിൽനിന്നോടിപ്പോയി. അവരുടെ ആരുടെ കൈയിലും ഒട്ടകവുമുണ്ടായില്ല, പാഥേയവും ഉണ്ടായില്ല, ഭക്ഷണം എടുക്കുന്ന സഞ്ചിയുമുണ്ടായില്ല, ടെന്റുമുണ്ടായില്ല. എല്ലാംതന്നെ ഒട്ടകങ്ങളുടെമേൽ മരുഭൂമിയിൽ അപ്രത്യക്ഷമായി. അതായത് ഒട്ടകപ്പുറത്തായിരുന്നു അതെല്ലാമുണ്ടായിരുന്നത്. ഒട്ടകങ്ങൾ പോയപ്പോൾ കൈയിൽ ഒന്നുമില്ലാതായി. യാത്രക്കാർ ഇറങ്ങിക്കഴിഞ്ഞതിനുശേഷമാണ് ഇതു സംഭവിച്ചത്. പക്ഷേ, അപ്പോൾ അവർക്ക് സാധനം ഇറക്കാൻ കഴിഞ്ഞിരുന്നില്ല. ആ നേരത്ത് അവർ ദുഃഖത്തിലും സങ്കടത്തിലുമായി. എല്ലാവരും തങ്ങളുടെ ജീവിതത്തിൽനിന്ന് നിരാശരായി പസ്പരം വസ്വിയ്യത്ത് ചെയ്യാൻ തുടങ്ങി. ഇത്രയുമായപ്പോൾ ഹദ്റത്ത് അലായുടെ വിളംബരം ചെയ്യുന്ന ആൾ എല്ലാവരും സംഘടിക്കാൻ കല്പന നല്കി. എല്ലാവരും അദ്ദേഹത്തിന്റെ അടുത്ത് സംഘടിച്ചു. ഹദ്റത്ത് അലാഅ് പറഞ്ഞു: 'ഞാനിതെന്തൊരു വെപ്രളാവും വിഷമവുമാണ് നിങ്ങളിൽ കണ്ടുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഇങ്ങനെ ചിന്താകുലരാകുന്നതെന്തിനാണ്?' ആളുകൾ പറഞ്ഞു:'ഇത് ഞങ്ങളെ ആക്ഷേപകരെന്ന് പറയാൻ പറ്റിയ കാര്യമല്ല. ഞങ്ങളുടെ ഒട്ടകങ്ങൾ ഓടിപ്പോയി. ഞങ്ങളുടെ അവസ്ഥ എന്താണെന്നാൽ ഇങ്ങനെ നേരം വെളുത്താൽ സൂര്യൻ നല്ലവണ്ണം ഉദിച്ചുയരുന്നതിനുമുമ്പേ ഞങ്ങളെല്ലാവരും നശിച്ചുകഴിയുന്നതായിരിക്കും.' ഹദ്റത്ത് അലാഅ് പറഞ്ഞു: 'ജനങ്ങളേ! ഭയപ്പെടണ്ട. നിങ്ങൾ മുസ്ലിമീങ്ങളല്ലേ? നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യാൻ വന്നവരല്ലേ? നിങ്ങൾ അല്ലാഹുവിനെ സഹായിക്കുന്നവരല്ലേ?' എല്ലാവരും പറഞ്ഞു: 'അങ്ങനെതന്നെയാണ് സംശയമൊന്നുമില്ല.' ഹദ്റത്ത് അലാഅ് പറഞ്ഞു: 'നിങ്ങൾക്ക് സുവിശേഷമായിരിക്കട്ടെ. കാരണം നിങ്ങളുടെ ഈ അവസ്ഥയിലായിട്ടുള്ളവരെ അല്ലാഹു ഒരിക്കലും വിട്ടുകളുയകയില്ല.'

നേരം വെളുത്തു തുടങ്ങിയപ്പോൾ സ്വുബ്ഹി നമസ്കാരത്തിന് ബാങ്കു കൊടുത്തു. ഹദ്റത്ത് അലാഅ് നമസ്കരിപ്പിച്ചു. ചിലർ തയമ്മും ചെയ്ത് നമസ്കരിച്ചു. വെള്ളമുണ്ടായിരുന്നില്ല. ചിലർക്ക് വുളു ബാക്കിയുണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞപ്പോൾ ഹദ്റത്ത് അലാഅ് ഇരുമുട്ടുകളും മടക്കി ദുആ ചെയ്യാനിരുന്നു. എല്ലാവരും അതുപോലെ ഇരുന്നു. രണ്ടു കൈകളും ഉയർത്തി കരഞ്ഞുവിലപിച്ച് ദുആ ചെയ്യാൻ തുടങ്ങി. കിഴക്കൻ ചക്രവാളത്തിൽ സൂര്യന്റെ വെളിച്ചം അല്പമുണ്ടായപ്പോൾ ഹദ്റത്ത് അലാഅ് സ്വഫ്ഫിലേക്ക് തിരിഞ്ഞു. അദ്ദേഹം ചോദിച്ചു, 'ഈപ്രകാശമെന്താണെന്ന് പോയി നോക്കാനാരെങ്കിലുമുണ്ടോ?' ഒരാൾ നോക്കുന്നതിനുപോയി. അയാൾ തിരിച്ചുവന്ന് ഈ പ്രകാശം വെറും മരീചികയാണെന്ന് പറഞ്ഞു. വെളിച്ചം വീണിടം തിളങ്ങുന്നതായിരുന്നു. വെള്ളമല്ലായിരുന്നു. പ്രത്യുത മരീചികയായിരുന്നു. ഹദ്റത്ത് അലാഅ് വീണ്ടും ദുആയിൽ മുഴുകി. രണ്ടാം പ്രാവശ്യവും വെളിച്ചം കാണാൻ തുടങ്ങി. അന്വേഷിച്ചപ്പോൾ അത് മരീചികയാണെന്ന് അറിയാൻ കഴിഞ്ഞു. മൂന്നാമത്തെ പ്രാവശ്യം വീണ്ടും വെളിച്ചം കാണാൻ തുടങ്ങി. ഇപ്രാവശ്യം വാർത്ത കൊണ്ടുവരുന്നയാൾ പറഞ്ഞു, 'വെള്ളമാണ്.' ഹദ്റത്ത് അലാഅ് എഴുന്നേറ്റു നിന്നു. മറ്റുള്ളവരും എഴുന്നേറ്റുനിന്നു. വെള്ളത്തിന്റെ അടുത്തെത്തി. എല്ലാവരും വെള്ളം കുടിക്കുകയും കുളിക്കുകയും ചെയ്തു. അവിടെ ഏതോ അരുവി പൊട്ടിയതായിരുന്നു. സൂര്യൻ നല്ലവണ്ണം ഉദിക്കുന്നതിനു മുമ്പേ ആളുകളുടെ ഒട്ടകങ്ങൾ എല്ലാ ഭാഗത്തുനിന്നും ഓടി അവരുടെ അടുത്തെത്തു

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 04 August 2022 Issue-31

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ന്നത് കാണാൻ തുടങ്ങി. അവ അവരുടെ അടുത്തുവന്നിരിന്നു. ഓരോരുത്തരും അവരവരുടെ യാത്രാവാഹനത്തെ പിടിച്ചു. അവരുടെ സാധനങ്ങളിലൊന്നുംതന്നെ നഷ്ടപ്പെട്ടിരുന്നില്ല.'

ദുആയുടെ ഈ അത്ഭുത ദൃഷ്ടാന്തം അവിടെ ഉണ്ടായി. വെള്ളവും അല്ലാഹു പുറപ്പെടുവിച്ചു. ഒട്ടകങ്ങളും തിരിച്ചുവന്നു. ആളുകൾ അവയ്ക്കും വെള്ളം നല്കി. പിന്നീട് രണ്ടാമത്തെ പ്രാവശ്യം നല്ലവണ്ണം വയറുനിറയെ വെള്ളം കുടിച്ചു. ആ മൃഗങ്ങളേയും കുടിപ്പിച്ചു. കുടിക്കാനുള്ളവെള്ളം എടുക്കുകയും ചെയ്തു. പിന്നീട് നല്ലവണ്ണം എല്ലാവരും വിശ്രമിച്ചു.

മിൻജാബ് ബിൻ റാശിദ് പറയുന്നു: ആ നേരത്ത് ഹദ്റത്ത് അബൂഹുറയ്റ എന്നോടൊപ്പമുണ്ടായിരുന്നു. ഞങ്ങൾ ആ സ്ഥലത്തുനിന്ന് അല്പം ദൂരെ എത്തിയപ്പോൾ അദ്ദേഹം എന്നോടു ചോദിച്ചു: 'ഈ വെള്ളത്തിന്റെ സ്ഥലം പരിചയമുണ്ടോ?' ഞാൻ പറഞ്ഞു: 'ഞാൻ മറ്റുള്ള എല്ലാ അറബികളെക്കാളും ഈ പ്രദേശത്തിന്റെ മുക്കും മൂലയും കൂടുതൽ അറിയുന്നവനാണ്.' ഹദ്റത്ത് അബൂഹുറയ്റ(റ)പറഞ്ഞു: 'എന്നാൽ, താങ്കളെന്നെ ആസ്ഥലത്ത് കൊണ്ടുപോകുക.' ഞാൻ ഒട്ടകത്തെ തിരിച്ചു. കൃത്യം ആ വെള്ളത്തിന്റെ സ്ഥലത്ത് കൊണ്ടുവന്നു. അവിടെ വന്നുനോക്കി. അവിടെ വെള്ളത്തിന്റെ ഒരു ഹൗളുമില്ല. വെള്ളത്തിന്റെ അടയാളവുമില്ല. ഞാൻ ഹദ്റത്ത് അബൂഹുറയ്റയോടു പറഞ്ഞു:'അല്ലാഹുവാണ! ഇവിടെ എനിക്ക് ഒരു ഹൗളും കാണാൻ കഴിയുന്നില്ലെങ്കിലും ഞങ്ങൾ വെള്ളമെടുത്ത സ്ഥലമിതുതന്നെയാണെന്ന് ഞാൻ പറയും. എന്നാൽ, ഇന്നേക്കുമുമ്പേ ഞാൻ ഈ സ്ഥലത്ത് ശുദ്ധവും മധുരമുള്ളതുമായ വെള്ളം ഒരിക്കലും കണ്ടിട്ടില്ല. വാസ്തവത്തിൽ ആ നേരത്തും വെള്ളംകൊണ്ട് പാത്രം നിറഞ്ഞിരന്നു.' അബൂഹുറയ്റ പറഞ്ഞു:'അബൂസഹ്മേ!അല്ലാഹുവാണ! ഇതു ആ സ്ഥലം തന്നെയാണ്. അതുകൊണ്ടാണ് ഞാനിവിടെ വന്നത്. നിങ്ങളെ കൊണ്ടുവന്നതും. ഞാൻ വെള്ളംകൊണ്ട് നിറഞ്ഞിരുന്ന എന്റെ പാത്രം ആ ഹൗളിന്റെ തീരത്ത് വെച്ചിരുന്നു.' ഞാൻ പറഞ്ഞു:'ഇതു അല്ലാഹുവിന്റെ മുഅ്ജിസത്തും അല്ലാഹുവിൽനിന്നിറങ്ങിയ കാരുണ്യവുമാണെങ്കിൽ അതന്വേഷിച്ചറിയുന്നതായിരിക്കും. ഇനി അത് മഴവെള്ളമാണെങ്കിൽ അതും അന്വേഷിച്ചറിയുന്നതായിരിക്കും. നോക്കിയപ്പോൾ അത് യഥാർഥത്തിൽ അല്ലാഹുവിന്റെ ഒരു ദിവ്യദൃഷ്ടാന്തമാണെന്ന് മനസ്സിലായി. അത് അവൻ ഞങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി പ്രകടമാക്കിയതാണ്. അപ്പോൾ ഹദ്റത്ത് അബൂഹുറയ്റ(റ)അല്ലാഹുവിനെ സ്തുതിച്ചു. അവിടെനിന്ന് തിരിഞ്ഞ് പിന്നീട് ഞങ്ങൾ ഞങ്ങളുടെ വഴിയിലൂടെ നടന്നു. ഹജറിൽ വന്ന് താവളമടിച്ചു.*(താരീഖ് അത്ത്വബരി വാള്യം 2, പേജ്286-288, ദാറുൽകുതുബുൽഇൽമിയ്യ ലബ്നാൻ 2012) (ഫർഹങ്കെ സീറത്ത് പേജ് 123, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)*

ഹദ്റത്ത് അലാഅ്, ഹദ്റത്ത് അബൂബക്റിന് ഒരു കത്തെഴുതിയിരുന്നു. അതിതാണ്: 'അമ്മാബഅ്ദ്!അല്ലാഹു നമുക്കുവേണ്ടി ദഹ്നാ താഴ്‌വരയിൽ വെള്ളത്തിന്റെ ഒരു അരുവി പുറപ്പെടുവിച്ചിരുന്നു. ആ സംഭവത്തിനുശേഷം ഹദ്റത്ത് അബൂബക്ർ(റ)ന് ഈ വാർത്തയെത്തിയപ്പോൾ അദ്ദേഹം ഈ കത്തെഴുതി. വാസ്തവത്തിൽ അവിടെ അരുവിയുടെ ഒരു അടയാളവുമുണ്ടായിരുന്നില്ല. കഠിനമായ ബുദ്ധിമുട്ടിനും പ്രയാസത്തിനും ശേഷം അല്ലാഹു ഞങ്ങൾക്ക് തന്റെ ഒരു മുഅ്ജിസത്ത് കാണിച്ചു. ഹദ്റത്ത് അലാഅ്, ഹദ്റത്ത് അബൂബക്റിന് കത്തെഴുതി, 'പ്രയാസങ്ങൾക്കുശേഷം അല്ലാഹു തന്റെ ഒരു മുഅ്ജിസത്ത് ഞങ്ങൾക്കു കാണിച്ചു. അത് ഞങ്ങൾക്കെല്ലാവർക്കും ഉപദേശത്തിന് നിമിത്തമായി. അവനെ സ്തുതിക്കാനും വാഴ്ത്താനും വേണ്ടിയാണിത്. അതുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്യുക. അവന്റെ ദീനിന്റെ സഹായികൾക്കുവേണ്ടി സഹായം ഇരന്നാലും.' ഹദ്റത്ത് അലാഅ് വെള്ളം കിട്ടിയതിനുശേഷം, സംഭവത്തിനുശേഷം ഹദ്റത്ത് അബൂബക്റിന് ഈ റിപ്പോർട്ട് അയക്കുകയാണ്.

ഹദ്റത്ത് അബൂബക്ർ(റ)അല്ലാഹുവിനെ സ്തുതിച്ചു. അവനോടു ദുആ ചെയ്തു. പറഞ്ഞു:അറബികൾ എപ്പോഴും ദഹ്നാ താഴ്‌വരയെ സംബന്ധിച്ച ഇക്കാര്യം വിവരിച്ചു വന്നിട്ടുണ്ട്. ഹദ്റത്ത് ലുഖ്മാനോടു ഈ താഴ്‌വരയെ പറ്റി വെള്ളത്തിനുവേണ്ടി കുഴിക്കേണ്ടിവന്നോ ചോദിച്ചപ്പോൾ അദ്ദേഹം കുഴിക്കുന്നതിനെ വിലക്കി. അദ്ദേഹം പറഞ്ഞു: 'ഇവിടെ ഒരിക്കലും വെള്ളം കാണുകയില്ല.' അതുകൊണ്ട് ഈ താഴ്‌വരയിൽ അരുവി പുറപ്പെടുക എന്നത് അല്ലാഹുവിന്റെ ഖുദ്റത്തിനുള്ള ഒരു വലിയ ദൃഷ്ടാന്തമാണ്. ഇതിന്റെ അവസ്ഥ ഞങ്ങൾ മുമ്പേ ഒരു ജനതയിലും കേട്ടിരുന്നില്ല.*(താരീഖ് അത്ത്വബരി വാള്യം 2, പേജ്290, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2012)*

ഇത്തരത്തിലുള്ള ദൃഷ്ടാന്തങ്ങളും അല്ലാഹുവിനുവേണ്ടി യുദ്ധ നടപടികൾക്കായി ഇറങ്ങിപ്പുറപ്പെട്ടിരുന്ന സ്വഹാബാക്കളോടു ഉണ്ടാകാറുണ്ടായിരുന്നു. എന്തായലും ഇതിന്റെ ബാക്കിഭാഗം പിന്നീട് കേൾപ്പിക്കുന്നതാണ്.

****

പേജ് 1 ൽ നിന്ന്

ന്നതായിരിക്കും. അതുകൊണ്ട് ഈ 'ലാ യുഅ്ദനു' കൊണ്ടുള്ള ഉദ്ദേശ്യം ഒന്നുകിൽ ജന്നത്തിൽ പ്രവേശിക്കാൻ അനുവാദമുണ്ട് അല്ലെങ്കിൽ അതിന്റെ അർഥം ശഫാഅത്ത് അഥവാ ശിപാർശയുടേതാണ്. അതുകൊണ്ടുള്ള ഉദ്ദേശ്യം നബി പുനരുഥാന നാൾ വരുമ്പോൾ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ ജനതയ്ക്കുവേണ്ടി ശിപാർശ ചെയ്യാൻ അനുവദം നല്കപ്പെടുന്നയിരിക്കും. അവർ പൂർണമായും സമ്പൂർണരായിട്ടില്ലെങ്കിലും എന്നാൽ, നബി തന്റെ ആളാണെന്ന് പറയാൻ അവർ അർഹരായിരിക്കും. ആ നേരത്ത് ഈ ആളുകൾ ശഫാഅത്തിൽനിന്ന് പിന്തള്ളപ്പെട്ടവരായിത്തീരും. അവർക്കുവേണ്ടി ശഫാഅത്ത് ചെയ്യാൻ അനുവാദം നല്കപ്പെടുകയില്ല. കല്പനയാലാണ് ശഫാഅത്തുണ്ടാകുന്നതെന്ന് വിശുദ്ധ ഖുർആനിൽനിന്നും ഹദീഥിൽനിന്നും സ്ഥാപിതമാകുന്നുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:***വലാ തൻഫഉശ്ശഫാഅത്തു യിൻദഹൂ ഇല്ലാ ലിമൻ അദിനലഹൂ*** അവൻ ആർക്കുവേണ്ടി ശഫാഅത്ത് ചെയ്യാൻ അനുമതിനല്കിയോ അവനല്ലാതെ അവന്റെയടുക്കൽ ശിപാർശ പ്രയോജനപ്പെടുകായില്ല.(34:24) സൂറ റുക്കൂഅ് ഒന്നിലും ത്വാഹാ റുക്കൂഅ് ആറിലും അന്നജ്മ് റുക്കൂഅ് രണ്ടിലും ഇതേ വിഷയമാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. അതുപോലെ തന്നെ സൂറ ബഖറ റുക്കൂഅ് 34 ലും. ഹദീഥിലും ശഫാഅത്തിനെ സംബന്ധിച്ച 'ഇദ്ൻ' എന്ന പദം വരുന്നുണ്ട്. മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ വാള്യം 5 പേജ് 43- ൽ അബൂബക്റയുടെ നിവേദനമുണ്ട്. ഥുമ്മയുഅ്ദനു ലിൽമലാഇക്കത്തിഹീ വന്നബിയ്യീന വശ്ശുഹദാഇ അൻയ്യശ്ഫഊ അതായത് പിന്നീട് മലക്കുകൾക്കും നബിമാർക്കും ശുഹദാഇനും ശിപാർശ ചെയ്യാൻ അല്ലാഹു അനുമതി നല്കുന്നതായിരിക്കും.

വിശുദ്ധ ഖുർആനിൽ മറ്റൊരു അർഥത്തിലും ഈ 'ഇദ്ൻ' വിവരിക്കപ്പെട്ടിരിക്കുന്നു. സൂറ അൽമുർസലാത്തിൽ പറയുന്നു:വലാ യുഅ്ദനു ലഹും ഫയഅ്തദിറൂൻ ഒഴികഴിവുകൾ ബോധിപ്പിക്കാൻ അവർക്ക് അനുമതി നല്കപ്പെടുന്നതുമല്ല.(77:37)അതായത് എന്തെങ്കിലും പ്രയോജനപ്പെടുത്താൻ പറ്റുന്ന ബുദ്ധിപരമായ ഒഴികഴിവുകൾ ബോധിപ്പിക്കാനുള്ള ഒരു അനുമതിയും നല്കപ്പെടുന്നതല്ല.

പുനരുഥാനനാളിൽ നബിമാർ സാക്ഷികളെന്ന നിലയിൽ എഴുന്നേല്പിച്ച് നിറുത്തപ്പെടും എന്ന് പറയപ്പെട്ടിട്ടുള്ളത് എന്റെ അഭിപ്രായത്തിൽ നബിമാരുടെ സാക്ഷ്യം കൊണ്ടുള്ള ഉദ്ദേശ്യം അവരുടെ മാതൃകയാണ്. അതായത് ദൈവിക വചനം തങ്ങളെ ഇങ്ങനെ സ്വാധീനിച്ചുവെന്നതിന്റെ മാതൃകകൾ അവർ സമർപിക്കുന്നതായിരിക്കും. ഈ അധ്യാപനം അംഗീകരിച്ചതിന്റെ ഫലമായി തങ്ങൾക്ക് അല്ലാഹുവിനെ കിട്ടി. തങ്ങൾ എവിടെനിന്ന് എവിടെ എത്തിയിരിക്കുന്നു! ഈ രീതിയിൽ അല്ലാഹു ആ നേരത്ത് അവിശ്വാസികളെ ലജ്ജിതരാക്കുന്നതാണ്. നമ്മുടെ ഗ്രന്ഥത്തിന്റെ അത്ഭുതം നോക്കുക, ഇതു മുഖേന ആത്മീയമായ ശക്തികൾ കരസ്ഥമാക്കി നമ്മുടെ ഈ നബി ഈ ശ്രേഷ്ഠമായ സ്ഥാനംവരെ എത്തിയിരിക്കുന്നു. നിങ്ങൾ ഈ ഗ്രന്ഥത്തെ നിഷേധിച്ചുകൊണ്ട് എവിടെ നിന്ന് എവിടെപോയി വീണു.

എല്ലാ നബിയും ദൈവികഗ്രന്ഥത്തിന്റെ പ്രതിഫലങ്ങളുടെ കർമപരമായ മാതൃയായിരിക്കും. അതുകൊണ്ടാണ് ദൈവിക ഗ്രന്ഥം നബികൂടാതെ ഇറങ്ങാത്തത്! നബി മുഖേന ദൈവഗ്രന്ഥത്തിന്റെ മഹിമാവിലാസം അറിയാൻ കഴിയുന്നു. ദൈവഗ്രന്ഥത്തിൽനിന്ന് നബിയുടെ തേജോവിലാസവും.(തഫ്സീറെ കബീർ വാള്യം 4, പേജ് 214, പ്രസാധനം 2010 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin